
2023 ഏപ്രിൽ

ലക്കം 3

www.malankaralibrary.com

# യുവദീപ്തി


എം. സി. വൈ. എം മാവേലിക്കര ഭദ്രാസന
ത്രൈമാസിക



## ഏവർക്കും
## ഉത്ഥാന തിരുനാൾ ആശംസകൾ

www.malankaralibrary.com

# ഇടയശബ്ദം



അന്ന് വെള്ളിയാഴ്ച! മനുഷ്യനായി ഈ ലോകത്തിലേക്ക് പിറന്നുവീണ ലോകരക്ഷകൻ മൂന്നു ആണിമേൽ ക്രൂശിൽ തറയ്ക്കപ്പെട്ടു. ആ കാൽവരിയാത്ര നമ്മുടെ ചിന്തയിലേക്ക് ധ്യാനപൂർവ്വം കൊണ്ടുവരാം. സ്വന്തം കുരിശു ചുമന്നുകൊണ്ടുള്ള യാത്ര... ആ യാത്രയിൽ അവൻ പല പ്രാവിശ്യം തളർന്നു വീണു ... ചുറ്റുമുള്ളർ പരിഹസിച്ചു... സ്വന്തം അമ്മയുടെയും സഹോദരങ്ങളുടെ മുന്നിലൂടെ ഒരു കുറ്റവാളിയെപ്പോലെ നടന്നുനീങ്ങേണ്ടിവന്നു... ഒടുവിൽ കള്ളന്മാരുടെ നടുവിൽ ക്രൂരമായ കുരിശുമരണം... എന്നാൽ മൂന്നു ദിനങ്ങൾക്കപ്പുറം അതീവ ശോഭയോടെ മരണത്തെയും സാത്താനെയും തോല്പിച്ച് ലോക രക്ഷകൻ ഉയിർത്തെഴുന്നേറ്റു.

അതേ ഓരോ ഉയിർപ്പും നമ്മുക്ക് നൽകുന്നത് പ്രത്യാശയാണ്. സങ്കടത്തിന്റെയും വേദനയുടെയും തീരാദുരിതത്തിൽ നിന്നും നമുക്കും മിന്നൽപ്പിണറിന്റെ ശോഭയിൽ ഉയിർത്തെഴുന്നേഴുക്കുവാൻ സാധിക്കുമെന്നുള്ള പ്രത്യാശ തരുന്ന ദിനം... ഇരുട്ടു മൂടിയ ജീവിത യാത്രയിൽ പ്രത്യാശയുടെ നാഥൻ നമ്മോടൊപ്പം ഉണ്ടെന്ന ചിന്ത എപ്പോഴും മനസ്സിൽ ഉണ്ടാകട്ടെ.. 'കരയണ്ട... നിന്നോടൊപ്പം ഞാനില്ലേയെന്ന് ചോദിക്കുന്ന .... നമ്മെ ചേർത്ത് പിടിച്ചു നിർത്തുന്ന ഒരു ദൈവം നമ്മോടൊപ്പം എപ്പോഴും ഉണ്ടെന്ന ചിന്തയുണ്ടെങ്കിൽ നമ്മൾ ഒരിക്കലും ജീവിതത്തിൽ ഒറ്റയ്കാകില്ല. യുവജനങ്ങളായ നിങ്ങൾ ഓരോരുത്തരും ജീവിതത്തിന്റെ പലതരം വെല്ലുവിളികളിലൂടെ കടന്നുപോകുമ്പോൾ തളർന്നു പോയേക്കാം... ആ തളരുന്ന വേളയിൽ ഇനി എന്തിന് ഈ ജീവിതമെന്ന് ചിന്തിക്കുന്ന സമയങ്ങളിൽ ഓർക്കുക, നമ്മുക്കായി രണ്ട് കള്ളന്മാരുടെ നടുവിൽ വിലാപുറത്ത് കുത്തേറ്റ കർത്താവീശോമിശിഹാ ഉണ്ടായിരുന്നുവെന്ന് ... മിശിഹാ നമ്മുക്ക് വേണ്ടി മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റുവെന്ന്... സമാധാനത്തിന്റെയും നന്മയുടെയും പ്രത്യാശയുടെയും വക്താക്കളാകുവാൻ ക്രിസ്തു നാഥൻ നിങ്ങളെ വിളിക്കുന്നു. ഉത്ഥാനത്തിന്റെ ഉണർവ്വുള്ള സാക്ഷികളാകുവാനുള്ള ജീവിത നിയോഗം ഏറ്റെടുക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ !

എല്ലാവർക്കും ഈസ്റ്ററിന്റെ എല്ലാവിധ ആശംസകളും സ്നേഹപൂർവ്വം നേരുന്നു!

Mar Ignathios

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

BISHOP JOSHUA MAR IGNATHIOS * MAVELIKARA *



www.malankaralibrary.com

# Director's Corner



പ്രാർത്ഥനയിലും ഉപവാസത്തിലും വർജ്ജനയിലും ആയിരുന്ന 50 ദിനങ്ങൾ...
അന്ന് നമുക്കായി ബേത്‌ലഹേമിൽ പിറന്ന മിശിഹാ...
അതാ നമുക്കായി ഗോഗുൽത്തായിൽ പീഢയേറ്റു മരിച്ചിരിക്കുന്നു...
പക്ഷെ...
അവൻ ഇന്ന് നമുക്കായി സാത്താനെയും മരണത്തെയും തോല്പിച്ച്
ഉയിർത്തെഴുന്നേറ്റിരിക്കുന്നു...
ലോക നന്മയ്ക്കായി... ലോക രക്ഷയ്ക്കായി... ലോക സമാധാനത്തിനായി...
സ്വന്തം മാതാപിതാക്കളെ, സുഹൃത്തുക്കളെ,
കൂടപിറപ്പിനെ കൊല്ലാൻ മനസ്സു കാട്ടുന്ന മനുഷ്യരുള്ള ഈ കാലഘട്ടത്തിൽ.....
നമുക്കായി മൂന്നു ആണിമേൽ അവസാന തുള്ളി രക്തവും ചിന്തിയ
ആ നസ്രായനെ ജീവിത മാതൃകയാക്കാം....
മനുഷ്യജീവന് ഒരു മൃഗത്തിന്റെ വിലപോലും നല്കാത്ത ഈ അപരിഷ്കൃത
ലോകത്തിൽ....
നമ്മുടെ രക്ഷയ്ക്കായി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ
ആ നല്ല സമരിയക്കാരനെ ജീവിതത്തോട് ചേർത്ത് വയ്ക്കാം...
ഞാനെന്ന ഒരു വ്യക്തിയ്ക്ക്...
ഒരാൾക്ക് സന്തോഷമേകാൻ സാധിക്കുന്നുണ്ടെങ്കിൽ...
ഒരാൾക്ക് ആശ്വാസമാകാൻ കഴിയുന്നുണ്ടെങ്കിൽ...
ഒരാളുടെ കണ്ണീരൊപ്പാൻ കഴിയുന്നുണ്ടെങ്കിൽ...
ഒരാളെ ചേർത്തു നിർത്താൻ സാധിക്കുന്നുണ്ടെങ്കിൽ...
ഇതൊക്കെതന്നെയാണ് ജീവിതത്തിലെ ഏറ്റവും വലിയ നന്മകൾ...
കാൽവരിയിൽ നമുക്കായി പിടഞ്ഞ ആ ജീവന്
ഒരു സാക്ഷ്യമായി മാറുവാൻ യുവജനങ്ങളായ നമുക്ക് കഴിയണം.
നമ്മുടെ പ്രവൃത്തിയിലൂടെ, വാക്കിലൂടെ
ലോകത്തിന്റെ പ്രകാശമായി ഉയിർത്തെഴുന്നേറ്റ മിശിഹായെ നമുക്ക്
ഉദ്ഘോഷിക്കാം...
നമുക്ക് ജീവനാകുവാൻ, നമുക്ക് ജീവനേകുവാൻ വന്ന ആ നല്ലിടയന്റെ പാത
പിന്തുടർന്ന് ലോക നന്മയ്ക്ക് ഉതകുന്നവരായി ജീവിക്കാം...

സ്നേഹപൂർവ്വം,
**ഡെന്നിസ് അച്ചൻ**

www.malankaralibrary.com


# എഡിറ്റോറിയൽ



ഭയാശങ്കകൾ നിറഞ്ഞ ഹൃദയത്തോടെ, ഉത്കണ്ഠാകുലരായി മുറിയുടെ വാതിലുകൾ പോലും ബന്ധിച്ചിരിക്കുമ്പോൾ "നിങ്ങൾക്കു സമാധാനം" എന്നരുളിക്കൊണ്ടു ക്രിസ്തു സന്നിഹിതനാകുന്നു. പ്രാർഥനയ്ക്കും കൂട്ടായ്മയ്ക്കും വരുമ്പോൾ അവിടെ; അധ്വാനത്തിൽ ക്ഷീണിതരായി പരാജയ ഭാവത്തോടെ കഴിയുമ്പോൾ അവിടെ; വഴിയാത്ര ചെയ്യുമ്പോൾ അനുയാത്ര ചെയ്യുന്നതായും, സംശയങ്ങളും സന്ദേഹങ്ങളും ഉയരുമ്പോൾ അവയ്ക്കു പരിഹാരം കാണാൻ അവിടെയും – അങ്ങനെ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും അവസ്ഥകളിലും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിധ്യവും സഹായവും അനുഭവിക്കാൻ കഴിയുന്നു. ഈ സാന്നിധ്യവും ശക്തിയും അനുഭവിച്ചറിയുക എന്നതാണ് ഇന്നിന്റെ ആവശ്യം.

ഉയിർത്ത ക്രിസ്തു ക്ഷമിക്കാൻ പഠിച്ചവനാണ്, അവൻ പോകുന്നില്ല പീലാത്തോസിന്റെ അടുത്തേക് പകരം ചോദിക്കാൻ, പത്രോസിനോട് ചോദിക്കുന്നില്ല എന്തിനു നീ എന്നെ തള്ളി പറഞ്ഞു എന്ന്, മുഖ്യ പുരോഹിതനോട് ചോദിക്കുന്നില്ല എന്തിനു നീ എന്നെ ശിക്ഷയ്ക്കു ഏല്പിച്ചു എന്ന്, മറ്റു ശിഷ്യരോട് ചോദിക്കുന്നില്ല എന്തിനു നിങ്ങൾ എന്നെ ഉപേക്ഷിച്ചു എന്ന്. അവനു നൽകപ്പെട്ട മുറിവുകൾ അവൻ മറന്നു, അവനു തിരുമുറിവുകൾ മാത്രേ ഉള്ളൂ. ആ തിരുമുറിവുകൾ മറ്റുള്ളവർക്കു രക്ഷ ആയി മാറി. പലതും മറക്കാനും ക്ഷമിക്കാനും പഠിക്കുന്നിടത്തു നമ്മളും ഉയിർപ്പിലേക്കു പ്രേവേശിക്കുന്നുണ്ട്. നമ്മളൊക്കെ പലരും പല വേദനകളും ഹൃദയത്തിൽ സൂക്ഷിച്ചു വീണ്ടും വീണ്ടും വേദനിപ്പിക്കുകയും വേദനിക്കുകയും ചെയൂന്നുന്നവരാണ്. ദു⊠ഖവെള്ളികൾ താണ്ടി നമ്മൾ ഇനിയും നടക്കാൻ പഠിക്കണം. ഉയിർപ്പിന്റെ തീരം അണയാൻ നമ്മൾ ശ്രമിക്കണം. പ്രതികാരബുദ്ധി അവസാനിക്കുന്നിടത്തു നമ്മളും ഉയിർപ്പ് നേടിയവർ ആകുന്നു.

ഏവർക്കും ഉത്ഥാന തിരുനാളാശംസകൾ




**രഞ്ചു രാജു**

എം. സി. വൈ. എം ഭദ്രാസന ജനറൽ സെക്രട്ടറി

ചീഫ് എഡിറ്റർ

www.malankaralibrary.com

# Asst. Director's Desk



സഭ ക്രിസ്തുവിനെ അവതരിപ്പിക്കുന്ന രീതി
സമൂഹത്തിന്റെ നിലനിൽപ്പിനും നിർമ്മിതിക്കും
അനിവാര്യമാണെന്ന് ചിന്തിക്കുന്ന യുവജനങ്ങൾ ഉള്ള ഈ
കാലഘട്ടത്തിൽ ഉപവസിക്കുന്ന, സഹിക്കുന്ന, പീഡയേല്ക്കുന്ന
യേശുവിനെ മാത്രമല്ല;
യുവാവായ, ജനങ്ങളുടെ സന്തോഷങ്ങളിലും സങ്കടങ്ങളിലും
പങ്കെടുക്കുന്ന, അനീതിക്കെതിരെ പോരാടുന്ന,
ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ക്രിസ്തുവിനെ
അവതരിപ്പിക്കുന്ന മാർഗമായാണ്
യുവജന പ്രസ്ഥാനം നിലകൊള്ളുന്നത്.
യുവജനങ്ങളുടെ  പ്രവർത്തനങ്ങളിൽ
മുഴുവൻ സമൂഹവും ഉൾപ്പെടണമെന്ന ബോധ്യവും
അജപാലന പ്രവർത്തനങ്ങളിൽ
യുവജനം കൂടുതൽ പങ്കുവഹിക്കേണ്ടതിന്റെ ആവശ്യകതയും
ഈ കാലഘട്ടത്തിൽ സഭ ഗൗരവകരമായി കാണുന്നു.
അതിനാൽ നമുക്കെല്ലാവർക്കും പരിശുദ്ധത്മാവിന്റെ സ്ഥിരം
നവീകരിക്കുന്ന ആക്കത്തോടെ മെച്ചപ്പെട്ട സമൂഹത്തെ
വാർത്തെടുക്കാം......

ആശംസകൾ

**റവ. ഫാ. ജോൺ അയണുവേലിൽ**
അസിസ്റ്റന്റ് ഡയറക്ടർ,
MCYM മാവേലിക്കര ഭദ്രാസനം

www.malankaralibrary.com

# Presidential Voice



***“ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥം; നിങ്ങളുടെ വിശ്വാസവും വ്യർഥം” (1 കൊറി. 15:14)***

മുറിപ്പാടുകൾ വീണ കരങ്ങളും പാർശ്വങ്ങളും കാണിച്ചു ഇപ്പോഴും ജീവിക്കുന്നു എന്ന് ശിഷ്യന്മാർക്ക് വെളിപ്പെടുത്തിയ ദിനം.. ഈസ്റ്റർ...
ജീവിതത്തിലെ സഹനങ്ങൾ വ്യർത്ഥമല്ലന്ന് ക്രിസ്തു സ്വജീവിതത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു...
ഓടിയൊളിക്കുന്നവരുടെ പാദങ്ങൾ കഴുകിയും, ഒറ്റിക്കൊടുത്തവനു തന്റെ ശരീരം നൽകിയും ,
തള്ളി പറഞ്ഞവനു താക്കോലു നൽകിയും അവൻ സ്നേഹിച്ചു...
പിടിച്ചു കെട്ടാൻ വന്ന സേവകന്റെ അറ്റു പോയ ചെവി വെച്ചുപിടിപ്പിച്ചു...
തെറ്റിദ്ധാരണകൾക്കിടയിലും അവൻ നിശബ്ദനായെങ്കിലും
നീതിയുടെയും സത്യത്തിന്റെയും പാഠങ്ങൾ അവൻ പഠിപ്പിച്ചു.
ശത്രുതയിൽക്കഴിഞ്ഞിരുന്ന ഹേറോദേസും പീലാത്തോസും മിത്രങ്ങളായി...
ബറാബാസ് മോചിക്കപ്പെട്ടു... വെറോനിക്കായ്ക്ക് തിരുമുഖം നൽകി...
ഹൃദയം പിളരുമ്പോഴും അവൻ ആശ്വാസമേകി... അവന്റെ വസ്ത്രങ്ങൾ പോലും വിട്ടു നൽകി...
മൂന്നാണികൾ തീർത്ത മുറിവ് തിരുമുറിവാക്കി...
കല്ലറയിലെ നിശ്ശബ്ദത ജയഭേരിയാക്കി... മരണം നിത്യജീവന് വഴിമാറി...
അന്ധകാരം വെളിച്ചമായ്.... നിരാശ പ്രത്യാശയായി.....
ഒറ്റുകൊടുക്കപ്പെട്ട വ്യാഴത്തിനും വേദനയുടെ ദുഖവെള്ളിക്കും ശേഷം അവൻ മഹത്വം പുൽകി..
സർവോപരിയായി തലമുറകൾ പ്രതീക്ഷിച്ചിരുന്ന രക്ഷ
നമ്മുടെ കൺമുമ്പിൽ അവിടുന്നു പകർന്നു നൽകി.
വേദനയുടെ കാലത്തിനപ്പുറം മഹത്വം നിറഞ്ഞ ഒരു ഞായർ ഉണ്ട് എന്ന ഓർമ്മപ്പെടുത്തൽ.....
ഉത്ഥാന തിരുന്നാൾ ....
ഏവർക്കും ഉത്ഥാന തിരുന്നാളാശംസകൾ...



**ജിതിൻ ഷാജി**
എം. സി. വൈ. എം ഭദ്രാസന പ്രസിഡന്റ്

www.malankaralibrary.com



# ആനന്ദത്തിന്റെ ഞായർ



**ക്രിസ്റ്റി രാജ്**
വൈസ് പ്രസിഡന്റ്
MCYM മാവേലിക്കര ഭദ്രാസനം

ലോകരക്ഷകനായ യേശു സർവ സൃഷ്ടികളേയും ദൈവസംസർഗത്തിലേക്ക് പുനരാനയിച്ച തിരുന്നാളാണ് ഉയിർപ്പു തിരുന്നാൾ. പാപത്തിലൂടെ ദൈവീക സംസർഗത്തിന്റെ ഇടമായ പറുദീസായിൽ നിന്നും പുറത്താക്കപ്പെട്ടവരെ പുന:പ്രതിഷ്ഠിക്കുവാൻ ഇസ്രായേൽക്കാർ നടത്തിയ ശ്രമങ്ങളാണ് പഴയ നിയമ ചരിത്രം. ദൈവനിയോഗം സ്വീകരിച്ച് ഇതിനായി പരിശ്രമിച്ച പിതാക്കന്മാരുടേയും ന്യായാധിപന്മാരുടേയും രാജാക്കന്മാരുടേയും പ്രവാചകന്മാരുടേയും തുടർച്ചയായിട്ടാണ് ദൈവപുത്രനായ യേശു മനുഷ്യാവതാരം ചെയ്തത്. യേശുവിന്റെ വിസ്മയനീയമായ പ്രബോധനങ്ങളും അത്ഭുതങ്ങളും ജനത്തെ ആകർഷിച്ചു. അവർക്കു വേണ്ടി സ്വജീവനെ നൽകി മരണം പുൽകിയ യേശു തമ്പുരാൻ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ് സൃഷ്ടിയെ രക്ഷയിൽ പുന:പ്രതിഷ്ഠിച്ചതിന്റെ ഓർമ്മപ്പെടുത്തലാണ് ഉയിർപ്പുതിരുന്നാൾ. തിന്മ നിമിത്തം സൃഷ്ടാവിൽ നിന്നും അകന്ന സൃഷ്ടിയെ സൃഷ്ടാവിലേക്ക് ആനയിക്കുകയും അതു വഴി ദൈവ - മനുഷ്യ - പ്രപഞ്ച ബന്ധത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്ന തിരുന്നാളാണ് ഉയിർപ്പു തിരുന്നാൾ.

ഈസ്റ്റർ ആഘോഷത്തിലും പാരമ്പര്യാനുഷ്ഠാനത്തിന്റേയും പുതുമയുടേയും ഭാവമുണ്ട്. ഉയിർപ്പു തിരുന്നാളിനെ പെസഹാ ആഘോഷത്തിന്റെ കൂടി പശ്ചാത്തലത്തിലാണ് നാം കാണേണ്ടത്. പഴയ നിയമത്തിലെ പെസഹാ ആചരണം സാബത്താചരണത്തിന്റെ പശ്ചാത്തലത്തിൽ, ആറുദിവസത്തെ സൃഷ്ടികർമ്മത്തിനു ശേഷം വിശ്രമിച്ച ദിവസത്തെ കർത്താവിന്റെ ദിവസമായി ഇസ്രായേൽജനം ആചരിച്ചു. സൃഷ്ടവസ്തുക്കൾ സൃഷ്ടാവിൽ നിന്നും അനുഗ്രഹം പ്രാപിച്ച ദിവസമാണ് സൃഷ്ടി കർമ്മം തുടരുന്ന സാബത്താചരണമായി രൂപപ്പെട്ടത്. മനുഷ്യൻ തന്റെ കർമ്മ മണ്ഡലത്തിൽ നിന്നും വിട്ട് സൃഷ്ടാവിനോടു കൂടി ചിലവഴിക്കുന്ന ദിവസമാണിത് (ഉല്പ 2:13). ആറു വർഷത്തെ അദ്ധ്വാനത്തിനു ശേഷം ഏഴാം വർഷം വിശ്രമത്തിനായി മാറ്റി വച്ചുകൊണ്ട് സാബത്തു വർഷം ആചരിക്കുന്ന രീതിയും (പുറ 23: 10-11, നിയമാവർത്തനം 15: 1-11, ലേവ്യ 25: 1-7) ഏഴ് സാബത്തു വർഷത്തിനു ശേഷം വരുന്ന ജൂബിലി വർഷത്തിൽ കരുണയുടേയും സ്വാതന്ത്രത്തിന്റെയും വിശുദ്ധ വർഷം ആചരിക്കുന്ന രീതിയും (ലേവ്യ 25: 8 -22) യഹൂദരുടെ ഇടയിൽ പ്രചാരത്തിൽ വന്നു.

യഹൂദരുടെ സാബത്താചരണത്തിന്റെ തുടർച്ചയായിട്ടാണ് പെസഹാ ആചരണത്തെ കാണേണ്ടത്. ജനത്തെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി മോശയുടെ നിർദേശപ്രകാരം കടിഞ്ഞൂൽ മൃഗങ്ങളെ ബലിയർപ്പിച്ച് വാതിൽപ്പടികളിൽ തളിച്ച രക്തത്തിലൂടെ സംഹാരദൂതനെ അതിജീവിച്ച (പുറ 12: 1-14) ഇസ്രായേൽ ജനത വീണ്ടെടുപ്പിന്റെ ഓർമ്മയ്ക്കായി ഏർപ്പെടുത്തിയതാണ് പെസഹാ ആചരണം.

www.malankaralibrary.com

യഹൂദരുടെ മതാചാരങ്ങളിൽ സുപ്രധാനമായ പെസഹാ ആചരണത്തെ അതിന്റെ പൂർണ്ണ ഗൗരവത്തോടെയാണ് യേശു അനുഷ്ഠിച്ചത്. യേശുവിന്റെ നിർദ്ദേശാനുസരണം സെഹിയോൻ മാളികയിൽ തയ്യാറാക്കിയ പെസഹാ (മത്തായി 26: 17) യിൽ കുഞ്ഞാടിന് പകരം യേശു തമ്പുരാൻ നൽകിയത് സ്വന്തം ശരീരവും രക്തവുമാണ്. വ്യാഴാഴ്ച സെഹിയോൻ മാളികയിൽ പ്രതീകാത്മകമായി നടത്തിയത് ദു:ഖവെള്ളിയാഴ്ച തന്റെ മരണത്തിലൂടെ പൂർത്തിയാക്കി. മരണത്തെ തുടർന്നുള്ള സാബത്ത് പൂർവ്വപിതാക്കന്മാരുടെ വിടുതലിനായി ഉപയോഗിച്ച യേശു തമ്പുരാൻ ആഴ്ചയുടെ ഒന്നാം ദിവസമായ ഞായറാഴ്ച മരിച്ചവരിൽ നിന്ന് ഉത്ഥിതനായി. യേശു തന്റെ മരണത്തിലൂടെ മനുഷ്യരുടേയും പ്രപഞ്ചത്തിന്റേയും വിമോചകനായി മാറി.


വിശ്രമത്തിന്റെ സാബത്താചരണത്തിൽ നിന്നും, മരണത്തിൽ നിന്നും ജീവനിലേക്ക് പ്രപഞ്ചത്തെ കൈപിടിച്ചുയർത്തിയ ഉത്ഥാനത്തിന്റെ ആചരണത്തിലേയ്ക്ക് പുതിയ ഇസ്രായേൽ രംഗപ്രവേശം ചെയ്തു. അങ്ങനെ കർത്താവിന്റെ ദിവസമായ സാബത്താചരണം നിത്യജീവനിൽ പ്രവേശിക്കപ്പെട്ട സൃഷ്ടിയുടെ ആഘോഷമായി മാറി. ഞായറാഴ്ചയാചരണം കേവലം ഉയിർപ്പിന്റെ ഓർമ്മപ്പെടുത്തൽ മാത്രമല്ല, ദൈവരാജ്യത്തിന്റെ നിത്യസൗഭാഗ്യം ഈ ലോകത്തു തന്നെ അനുഭവിക്കുന്നതിനുള്ള അവസരവുമായി മാറി. ഉയിർപ്പുഞായറാഴ്ചയാചരണം വർഷംതോറും നടത്തിവരുന്ന ദൈവ - മനുഷ്യ - പ്രപഞ്ച സംഗമത്തിന്റെ ഉത്സവം കൂടിയാണ്.

ക്രിസ്തീയ വിശ്വാസികൾക്കു യേശുവിന്റെ പുനരുത്ഥാനം വലിയ വിജയോത്സവമാണ്. മനുഷ്യന്റെ വലിയ ശത്രുവായ മരണത്തെ ക്രിസ്തു പരാജയപ്പെടുത്തി, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നുള്ളതാണ് ഈ ദിവസത്തിന്റെ വലിയ സന്ദേശം.


പ്രകൃതിയിൽത്തന്നെ നവചൈതന്യത്തിന്റെ തുടിപ്പു പ്രകടമാകുന്ന കാലത്താണ് ഉയിർപ്പ് സംഭവിച്ചത്. പലസ്തീൻ പ്രദേശത്തു ശീതകാലത്ത് പ്രകൃതി മുഴുവൻ മരിച്ചു മരവിച്ച പ്രതീതി ഉളവാക്കാൻ തക്കവണ്ണം, ഒരു പച്ചില പോലും എങ്ങും കാണ്മാനുണ്ടാകില്ല. എന്നാൽ, മാർച്ച്–ഏപ്രിൽ മാസങ്ങളിൽ വസന്തം വന്നണയുകയായി. അപ്പോൾ പ്രകൃതി മുഴുവൻ നവചൈതന്യത്തുടിപ്പു പ്രകടമാണ്. താരും തളിരുമണിഞ്ഞ വൃക്ഷങ്ങൾ, പുഞ്ചിരി തൂകുന്ന പുതു പുഷ്പങ്ങൾ... അവ ആയിരം പതിനായിരമായി പൊട്ടിവിടരുന്നു. അവയിൽ പാറിപ്പറക്കുന്ന വർണശോഭയുള്ള ചിത്രശലഭങ്ങൾ, പ്രകൃതിമാറ്റം പ്രഘോഷിക്കുന്ന കിളികളുടെ കളകൂജനങ്ങൾ. ഇങ്ങനെ പ്രകൃതി മുഴുവൻ പുതുജീവൻ തുടിച്ചു നിൽക്കുന്ന കാലയ ളവിലാണ് മരണത്തെയും ജീർണതയെയും മായിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനം സംഭവിച്ചത്.

പുനരുത്ഥാന സന്ദേശത്തിനു പ്രകൃതി തന്നെ സജ്ജമാക്കപ്പെട്ടിരുന്നു. മനുഷ്യരാശിക്ക് ഒരു പുതുജീവനു തുടക്കം കുറിക്കാനുള്ള കാരണമായിട്ടാണു ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കാണുന്നത്. ക്രിസ്തീയ സുവിശേഷത്തിന്റെ അടിസ്ഥാനവും ഇതാണ്: "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥം; നിങ്ങളുടെ വിശ്വാസവും വ്യർഥം" (1 കൊറി. 15:14).

ഈസ്റ്റർ ഒരു ഭൂതകാല സംഭവം എന്ന നിലയിലല്ല ശിഷ്യന്മാരും അപ്പസ്തോലിക സഭയും കണ്ടത്. വർത്തമാനകാല ജീവിതത്തിനു ശക്തി പകരുന്ന ഒരു യാഥാർഥ്യമായി അവർ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്തു. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യവും സഹായവും എല്ലാ ഘട്ടത്തിലും ഏതു സാഹചര്യത്തിലും പ്രതീക്ഷിക്കാവുന്നതാണ്.



www.malankaralibrary.com



ഭയാശങ്കകൾ നിറഞ്ഞ ഹൃദയത്തോടെ, ഉത്കണ്ഠാകുലരായി മുറിയുടെ വാതിലുകൾ പോലും ബന്ധിച്ചി രിക്കുമ്പോൾ "നിങ്ങൾക്കു സമാധാനം" എന്നരുളിക്കൊണ്ടു ക്രിസ്തു സന്നിഹിതനാകുന്നു. പ്രാർഥനയ്ക്കും കൂട്ടായ്മയ്ക്കും വരുമ്പോൾ അവിടെ; അധ്വാനത്തിൽ ക്ഷീണിതരായി പരാജയ ഭാവത്തോടെ കഴിയുമ്പോൾ അവിടെ; വഴിയാത്ര ചെയ്യുമ്പോൾ അനുയാത്ര ചെയ്യുന്നതായും, സംശയങ്ങളും സന്ദേഹങ്ങളും ഉയരുമ്പോൾ അവയ്ക്കു പരിഹാരം കാണാൻ അവിടെയും : അങ്ങനെ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും അവസ്ഥകളിലും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിധ്യവും സഹായവും അനുഭവിക്കാൻ കഴിയുന്നു. ഈ സാന്നിധ്യവും ശക്തിയും അനുഭവിച്ചറിയുക എന്നതാണ് ഇന്നിന്റെ ആവശ്യം.ഈസ്റ്ററിന്റെ സന്ദേശം ഭാവിയിലേക്കും പ്രത്യാശയും പ്രചോദനവും പകരുന്നതാണ്.ഈസ്റ്റർ ഒരു മഹോത്സവമായി കൊണ്ടാടുന്നത് മേൽപറഞ്ഞ തരത്തിലുള്ള പ്രത്യാശ, വർത്തമാന ജീവിതത്തിൽ നൽകി മുന്നേറാൻ സഹായിക്കുന്നു എന്നതിനാലാണ്.


ഈസ്റ്ററിന്റെ പ്രത്യാശാനിർഭരമായ പുലർച്ചയ്ക്കു പിന്നിൽ നട്ടുച്ചയ്ക്കു സൂര്യൻ ഇരുണ്ടുപോയ ഒരു ദുഃഖവെള്ളിയുടെ മധ്യാഹ്നമുണ്ട്. പക്ഷേ മനുഷ്യപുത്രൻ മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതിന്റെ ആഹ്ലാദം പങ്കിടുന്ന ഈസ്റ്റർദിന ആരവങ്ങൾക്കിടയിൽ 'എന്റെ ദൈവമേ എന്റെ ദൈവമേ നീയെന്നെ കൈവിട്ടതെന്ത്' എന്ന് ഉറക്കെ നിലവിളിച്ച് കടന്നു പോയ ദുഃഖവെള്ളിയുടെ ഉൾക്കിടിലങ്ങളെ നാം പലപ്പോഴും മറന്നു പോകുന്നു.

എങ്കിൽ, ഈസ്റ്റർ ഒന്നാമത് നമ്മെ ഓർമിപ്പിക്കുന്നതെന്താണ്? അത് ലളിതമായ ഈ ഒരു സത്യമാണ്: രാത്രിയില്ലാതെ ഒരു പ്രഭാതമില്ല. ദുഃഖവെള്ളിയെ തുടർന്നാണ് ഈസ്റ്റർ. കുരിശില്ലാതെ കിരീടമില്ല. ഈസ്റ്റർ നമ്മെ ഓർപ്പിക്കുന്ന ലളിതമായ മറ്റൊരു സത്യം തിന്മയുടെ മേൽ അവസാന ജയം നന്മയ്ക്കായിരിക്കും എന്നതാണ്.

വാക്കിലും പ്രവൃത്തിയിലും മനോഭാവത്തിലും തെറ്റൊന്നും ചെയ്യാത്തവനായിരുന്നു യേശു. എല്ലാവരുടെയും നന്മ മാത്രം ആഗ്രഹിച്ചവൻ. എന്നിട്ടും മതമേലധ്യക്ഷന്മാരും ഭരണകൂടവും അവന് എതിരായിരുന്നു. തെറ്റായ ആരോപണങ്ങളുന്നയിച്ച് അവർ അവനെ ക്രൂശിച്ചുകൊന്നു. തിന്മയും അസത്യവും ജയിച്ചുവെന്ന് എല്ലാവരും കരുതിപ്പോയ നിമിഷം... പക്ഷേ



www.malankaralibrary.com



ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ ആയപ്പോൾ യേശു മരണത്തിന്റെ ശക്തികളെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റു. ഉവ്വ്, തിന്മയ്ക്കു താൽക്കാലിക ജയം മാത്രം, അവസാനമായി ജയിക്കുന്നതു നന്മയും സത്യവും മാത്രം. വെള്ളിയാഴ്ച സത്യത്തെ ക്രൂശിച്ചാൽ അതു ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കും.തലച്ചോറിൽ ഇതൊരു സിദ്ധാന്തമായി അറിഞ്ഞാൽ പോരാ, തലയിൽ നിന്ന് ഒരടി താഴേക്ക് നമ്മുടെ ഹൃദയത്തിലേക്ക് ഇത് ഒരു ബോധ്യമായി വന്നാൽ അതു നമ്മുടെ ജീവിതത്തെ ഏറെ വ്യത്യാസപ്പെടുത്തും.

ഇതുവരെ പറഞ്ഞ കാര്യങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം. ഒന്ന്: ജീവിതാനുഭവങ്ങളെ കേവലം സുഖമെന്നും ദുഃഖമെന്നും കാണാതിരിക്കാം. സുഖമായാലും ദുഃഖമായാലും അതുനമ്മെ യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുത്തട്ടെ. അതാണ് ഈ ലോക ജീവിതത്തിൽ ഒരുവനു നേടാവുന്ന ആത്യന്തിക നന്മ. പക്ഷേ കാര്യങ്ങളെ ഈ കാഴ്ചപ്പാടിൽ കാണണമെന്നുണ്ടെങ്കിൽ ഒന്നാമതു ദൈവത്തെ സ്വർഗീയ പിതാവായി കാണുന്ന ലളിതമായ ഒരു വിശ്വാസത്തിലേക്കു നാം വരണം. ഇത് ഒരു പിതൃപുത്രബന്ധമാണ്.

ഇതെങ്ങനെയാണു സാധ്യമാകുന്നതെന്നു ബൈബിൾ പറയുന്നു.'അവനെ (യേശുവിനെ) ഹൃദയത്തിൽ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.'(യോഹന്നാൻ 1:12). ലളിതമായ ഒരു വിശ്വാസത്തോടെ യേശുവിനെ ജീവിതത്തിൽ നാഥനും കർത്താവുമായി സ്വീകരിക്കുക. അപ്പോൾ മാത്രമാണ് ഈസ്റ്റർ നമ്മെ സംബന്ധിച്ചിടത്തോളം ഒരു യാഥാർഥ്യമായി മാറുക.

രണ്ട്: തിന്മയുടെയും അസത്യത്തിന്റെയും ജയം താൽക്കാലികം. ഭൂരിപക്ഷത്തോടൊപ്പം വളഞ്ഞവഴികൾ തേടാതെ കഷ്ടങ്ങൾ സഹിച്ചും സത്യത്തിനു വേണ്ടി നിൽക്കുക. ആത്യന്തിക ജയം സത്യത്തിനു മാത്രം.– ഈസ്റ്റർ നമുക്കു നൽകുന്ന രണ്ടു സുപ്രധാന പാഠങ്ങൾ ഇവയാണ്.

ദുരന്തങ്ങളും മാരകരോഗങ്ങളും മനുഷ്യജീവിതത്തെ നിരാശയിലേക്കു തള്ളിവിടുമ്പോൾ തിന്മയെ കീഴ്പ്പെടുത്തുന്ന ദൈവശക്തിയെപ്പറ്റിയുള്ള ചിന്ത ധൈര്യവും പ്രത്യാശയും പകരട്ടെ. ഉയിർത്തെഴുന്നേൽക്കപ്പെട്ട ക്രിസ്തു അനുഭവം നിങ്ങൾക്കേവർക്കും വസന്തത്തിന്റെ പുതുമയും, പുതിയ പ്രതീക്ഷയും വിശ്വാസവും, സ്നേഹവും, സന്തോഷവും പകരട്ടെ.

www.malankaralibrary.com



# പ്രത്യാശയുടെ വിശുദ്ധ നോമ്പുകാലം



സുമി എം
വൈസ് പ്രസിഡന്റ്
MCYM കടമ്പനാട് വൈദിക ജില്ല

അനുഗ്രഹത്തിന്റെയും ത്യാഗത്തിന്റെയും കാലമാണ് ഓരോ നോമ്പുകാലവും. നോമ്പുകാലം അനുഗ്രഹമായി അനുഭവപ്പെടണമെങ്കിൽ ത്യാഗവും സഹനവും ആവശ്യമാണ്. അമ്പത് ദിനം നീണ്ട നോമ്പിനും ഉപവാസത്തിനും ത്യാഗത്തിനും ശേഷമുള്ള സന്തോഷത്തിന്റെയും പ്രത്യാശയുടെയും ഈസ്റ്റർ ദിനം, നോമ്പുകാലത്തെ സഹനത്തിനുള്ള സമ്മാനമാണ്.

ക്രിസ്തുവിനെ അറിയുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്ന എല്ലാവരുടെയും ഏറ്റവും വലിയ ആഘോഷമാണ് 'ഈസ്റ്റർ ദിനം '. അത് പ്രത്യാശയിലേക്കുള്ള ഉയിർപ്പാണ്. നിരാശയിൽ ആണ്ടുകഴിയുന്ന ഓരോരുത്തർക്കുമുള്ള ഒരു ഓർമ്മപ്പെടുത്തലാണ്, ഒരു പ്രത്യാശ സന്ദേശമാണ് ഓരോ ഈസ്റ്റർ ദിനവും നൽകുന്നത്. വേദനിക്കുന്നവർക്ക് ആശ്വാസമായി, കരയുന്നവർക്കു സന്തോഷവുമായി, നിരാശയിൽ കഴിയുന്നവർക്ക് പ്രത്യാശയുടെ പുതിയ കിരണവുമായാണ് ഓരോ ഈസ്റ്റർ ദിനവും പിറക്കുന്നത്.

പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറക്കട്ടെ. അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ.'( റോമാ :15:13) നമ്മുടെ ദൈവം പ്രത്യാശയുടെ ദൈവമാണെന്ന് വചനം സാക്ഷ്യപെടുത്തുമ്പോൾ നമുക്കും എല്ലാ കാര്യങ്ങളിലും പ്രത്യാശയുള്ളവരായിരിക്കാം.

നോമ്പ് എന്ന വാക്കിനെ വിഗ്രഹിക്കുമ്പോൾ 'നോവ് + അൻമ്പ് ' എന്നാണ് ലഭിക്കുന്നത്. അല്പം നോവും ഒരുപാട് സ്നേഹവും ആവശ്യമായ കാലമാണ് നോമ്പ്കാലം. നോവില്ലാതെ (ത്യാഗമില്ലാതെ) ഉള്ള, സ്നേഹം മാത്രമുള്ള നോമ്പ് അതിന്റെ പൂർണത കൈവരിക്കുന്നില്ല. അതുപോലെ തന്നെ സ്നേഹമില്ലാതെയുള്ള നോമ്പ് വെറുതെയാവുകയും ചെയ്യുന്നു. ഞാൻ നോമ്പ് നോക്കുന്നു, ഉപവസിച്ചു പ്രാർത്ഥിക്കുന്നു. എന്നാൽ എന്റെ സഹോദരനോട് എനിക്ക് വിദ്വേഷമാണെങ്കിൽ എന്റെ നോമ്പ് കൊണ്ട് അർത്ഥമില്ല. സ്നേഹമുള്ളിടത്താണ് നോമ്പ് പൂർണമാവുന്നത്.

ഉപവാസം എന്നാൽ 'കൂടെ വസിക്കുന്ന 'എന്നാണ് അർത്ഥം. യേശുക്രിസ്തുവിന്റെ കൂടെ വസിക്കുവാനുള്ള ആഹ്വാനമാണ് ഉപവാസം. ആഹാരം ഉപേക്ഷിച്ചതുകൊണ്ട് മാത്രം ഉപവാസം പൂർണമാകുന്നില്ല. നമ്മൾ ഉപവസിച്ചത് അന്യന് ഉപകാരമാകണം. അത് എങ്ങനമ്യമായവമവേമഉപവാസത്തിനായി നമ്മൾ നീക്കിവെച്ച ഭക്ഷണം വിശക്കുന്നവന്, അർഹതയുള്ളവന്, മുഖം നോക്കാതെ കൊടുക്കുമ്പോഴാണ് നമ്മുടെ ഉപവാസം പൂർണമാകുന്നത്. ക്രിസ്തു തന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽ ഉപവസിക്കുന്നതിനായി വി. ഗ്രന്ഥത്തിൽ നാം കാണുന്നു. ( മത്തായി 4:2) മനുഷ്യനായി അവതരിച്ച ദൈവം എന്തിനാണ് ഉപവസിക്കുന്നത്? പ്രൊട്ടസ്റ്റന്റ് സഭകളിൽപ്പെട്ട

www.malankaralibrary.com

പലരുംചോദിക്കുന്ന ചോദ്യമാണ് ഈ നോമ്പോക്കെ എന്ന്. ഇതിനൊക്കെയുള്ള മറുപടിയാണ് ക്രിസ്തുവിന്റെ ഉപവാസവും പ്രാർത്ഥനയും. ദൈവമായവൻ മനുഷ്യനായി പിറന്നു മനുഷ്യജീവിതത്തിന്റെ എല്ലാ തലത്തിലുമുള്ള ദാരിദ്രവും പ്രയാസവും അനുഭവിച്ചറിഞ്ഞു. സ്വയം ഉപവസിച്ചുകൊണ്ട് നമുക്ക് ഒരുത്തമ മാതൃക കാട്ടിയിരിക്കുന്നു.

ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ഭൂമിയിൽ മനുഷ്യനായി പിറവിയെടുത്തത് ഇടമില്ലാതെ വഴിതെറ്റി നടന്ന ആടുകളെ നേർവഴിയിൽ നയിക്കാനാണ്. പുതിയനിയമത്തിലൂടനീളം നിരവധിയാളുകൾ വേദനയിൽ കഴിഞ്ഞിരുന്നവർ, പ്രത്യാശയുള്ളവരായി തിരിച്ചു വരുന്നത് നാം കാണുന്നു. സഭയെ പീഡിപ്പിച്ചിരുന്ന സാവുൾ എന്ന പൗലോസ് വിജാതിയാരുടെ അപ്പോസ്തോലനായി മാറിയത് നോവിലുടെയും ത്യാഗത്തിലൂടെയുമാണ്.

പഴയനിയമത്തിലൂടെ കണ്ണോടിക്കുമ്പോൾ തെറ്റുചെയ്തവർ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവത്തിന്റെ ദൈവത്തിന്റെ ക്രോധത്തിൽ നിന്നൊഴിയുന്നതയും ചിലർ വിശുദ്ധിയിലേക്കു പ്രവേശിക്കുന്നതായും കാണാം.ഹിത്യനായ ഊറിയായുടെ ഭാര്യയെ ചതിയിലൂടെ സ്വന്തമാക്കിയ ദാവിദ് രാജൻ, നാഥാൻ പ്രവാചകനിലൂടെ ദൈവം അറിയിച്ച ക്രോധത്തിൽ നിന്നു തീവ്രമായ ഉപവാസത്തിലൂടെ അകലുന്നു (2 സാമൂവൽ 12:17) എങ്കിലും പാപത്തിന്റെ ശിക്ഷയായി ദാവീദിന്റെ കുഞ്ഞു മരിച്ചു പോവുന്നു. നാല്പത് രാവും നാല്പത് പകലും ഉപവസിച്ച് (1 രാജ 19:8) ഏലിയ പ്രവാചകൻ കർത്താവിന്റെ മലയായ ഹോറേബിലെത്തുന്നു. പിന്നീട് സ്വർഗത്തിലേക്ക് ഏലിയയെ ദൈവം ചുഴാലിക്കറ്റിലൂടെ എടുക്കുന്നതായും കാണാം (2രാജ 2:1) പിന്നീട് 1രാജാക്കന്മാർ 21 അധ്യയത്തിൽ നാബോത്തിന്റെ മുന്തിരിത്തോട്ടം അന്യായമായി സ്വന്തമാക്കിയ ആഹാബ് രാജാവ് ഏലിയ പ്രവാചകനിലൂടെ തന്റെ തെറ്റ് മനസിലാക്കി ആത്മാർഥമായി പശ്ചാതപിക്കുകയും ഉപവസിക്കുകയും ചെയ്ത് ദൈവത്തിന്റെ കോപത്തിൽ നിന്നു അകലുന്നതായി കാണാം. നിനവെയിലെ ജനങ്ങളുടെ ദുഷ്പ്രവൃത്തിയിൽ കോപിച്ച ദൈവം യോനാ പ്രവാചകനെ അവരുടെ ഇടയിലേക്ക് അയക്കുന്നതും നിനവേ നിവാസികൾ മുഴുവൻ കർത്താവിനെ ഭയന്നു ഉപവാസം അനുഷ്ഠിക്കുകയും ഭീകരമായ കോപത്തിൽ നിന്നു ഒഴിയുന്നതായും കാണുന്നു (യോനാ 3 '510)

ഈ തെളിവുകളെല്ലാം നാം നോമ്പും ഉപവാസവും അനുഷ്ഠിക്കേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതുന്നവയാണ്. ഇവയിലൂടെ ദൈവ കോപത്തിൽ നിന്നു അകലുവാനും വിശുദ്ധി പ്രാപിക്കുവാനും കഴിയും എന്ന് വി. ഗ്രന്ഥത്തിൽ തന്നെ സാക്ഷ്യപ്പെടുത്തുന്നു. അതുപോലെ തന്നെ ഓരോ 50 നോമ്പിന്റെ അവസാനവും ഒരു ഉയിർപ്പ് ദിനം ഉണ്ട്. ഒരു പ്രത്യാശ ദിനം ഉണ്ട്. ഒരു ദുഖവെള്ളി കഴിഞ്ഞാൽ ഈസ്റ്റർ ദിനം വരും. ഇത് നമ്മുടെ ഉള്ളിൽ പ്രത്യാശയുടെയും സ്നേഹത്തിന്റെയും വിത്തുകൾ മുളക്കാൻ ഇടയാക്കും. നോമ്പിലൂടെയും ഉപവാസത്തിലൂടെയും നമ്മുടെ ഉയിർപ്പ് ദിനവും അനുഗ്രഹപ്രദമാക്കാം. പ്രത്യാശയോടെ, പ്രാർത്ഥനയോടെ, ദൈവസ്നേഹത്തിന്റെ ഫലങ്ങൾ അനുഭവിക്കാം. ക്രിസ്തുവിനായി കാത്തിരിക്കാം.



www.malankaralibrary.com



# Great Holy Lent In Malankara Catholic Church



**Hanna Seraphin**
Syndicate
MCYM Chengannur
Eccl. District

Compared with other churches Malankara Catholic Church is practicing a total of six lents and the most important among them are fifty days lent, twenty five days lent and three days lent. Catholicism teaches us that as Catholics we must practice these three lents. The fifty days of lent are the indication of our Christ's affliction, crucifixion, and resurrection. The twenty five days lent is the remembrance of our Christ's birth and as all, we know the shortest lent, three days lent, is the attrition and repentance commemorating the repentance of the people of Ninevah at the preaching of Prophet Jonah.

The question that I want to ask you is that, the majority of us are practicing these holy lents and WHAT IS A LENT? Is lent the only refrain from non-vegetarian foods? As all, we know when we take lent we should avoid non-veg foods but again my question is, Is the right way of practicing the holy lent? I think my question is simple and the answer is much more difficult.

Very clearly our Catholic church teaches us that 'LENT IS A SACRIFICE'.Because Jesus came to the world for giving himself to us, it is a big sacrifice. The sinless person is crucified for the sinful world. As Christians, we should follow the method of sacrifice that our Christ taught us. It's not about the refrain from food, it is the sacrifice of ourselves. In this lent season we should think that 'how should we sacrifice ourselves?'In the Malankara Catholic Church's book of great lent we pray like this :

"Be careful how you observe the best of all fasts. We should fast to cleanse the body and soul from all evils, to please His will and to get rid of our debts." This is how our Catholic church teaches us how to practise the holy lent. Strictly we must follow the path of the crucifixion of our Jesus Christ and after the crucifixion, the Cross became the symbol of salvation. So as Catholics, we should carry the cross in our minds. Throughout the

www.malankaralibrary.com

journey of Christ the only thing that he taught to us was "love each other" and his crucifixion was the symbol of his love towards the world. As before I said, lent is the cleansing of our body and soul. Our body has so many needs but beyond that, we should give importance to the need of the soul by leading a prayerful life. A prayerful life means not always chanting with mantras, it is reconciliation, sacrifice, and love towards the world.

While going through the Great holy lent prayers we can clearly understand the meaning of the word 'GREAT LENT'.In the Old Testament, we can see that the people of Ninevah practiced the lent and the God release them from their tortures. Lent is a way of release from our tortures and the one thing that I noticed is that we called the lent as 'holy'.Why are we called lent as holy?

Before the crucifixion of Jesus Christ, he did everything for the world. Through his miraculous life, we can see that he healed many people through the release of their sins. The sins make us sick and by the healing of our soul we completely get healed and we get a new life. For the healing of our soul and body, Christ situated the "holy confession".Every person who enters to the great lent should carry out the holy confession and make the soul and body purified. Through purification, we entered lent with a purified soul and we can deeply understand the meaning of lent. So very clearly Malankara Catholic Church teachesus how we should practice a lent and the great lent is the indication of our Christ's crucifixion, so we should carry the holy cross in our mind. In the book, 'Kurishinte vazhi'we can see like this that Simon helped Jesus Christ by carrying his cross like this we should carry the cross that our Jesus carried for us.

As a Catholic and as a member of the Malankara Catholic Youth Movement each of us should know the real meaning of lent. Again I'm saying that LENT IS SACRIFICE and it is not the refrain from foods. Christ was crucified at the age of thirty-two and he showed the world how youths should serve the world. Till the age of thirty-two, he only taught about the salvation of the world. As a member Of the youth movement of the Malankara Catholic Church, we should sacrifice ourselves to the world and we must recognize what is our responsibility to the world. It is very easy to organize programs in our youth movement but the main thing that we want to do that tightly hold the Cross of salvation and Christ. As youth, we should deeply practice the great lent with all the sacrifices that our Jesus has done for us. Always be prayerful in the great lent season and carry the Holy Cross.



www.malankaralibrary.com






**ജൂലി യോഹന്നാൻ**
സെക്രട്ടറി
MCYM മാവേലിക്കര ഭദ്രാസനം

വി. ബൈബിൾ ക്രൈസ്തവരുടെ ജീവന്റെ പുസ്തകം. ഉല്പത്തി മുതൽ വെളിപാട് വരെ നിണ്ടു ക്കിടക്കുന്ന വെറുമൊരു പുസതകമല്ല,കഥ പറഞ്ഞു വിവരിക്കുന്ന ഐതിഹ്യമാലയുമല്ല, സാഹിത്യ സൃഷ്ടിയുമല്ല. ജീവൻ നല്കിയും ജീവൻ പകർന്നു നല്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ജീവൻ തുടിക്കുന്ന രക്ഷയുടെ പുസ്തകം. ദൈവാത്മാവിന്റെ പ്രചോദനത്താലും നിരന്തര സഹായത്താലും രചിക്കപ്പെട്ടതായതു കൊണ്ട് വി. ബൈബിൾ ദൈവനിവേശിതമാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ വ്യത്യസ്ത രാജ്യങ്ങളിൽ ജീവിച്ചിരുന്ന നാല്പതിലധികം എഴുത്തുക്കാർ എഴുതി സമാഹരിച്ച എകീകൃതവും വിശുദ്ധമായ ഗ്രന്ഥം. 46 പഴയ നിയമ പുസ്തകങ്ങളും 27 പുതിയ നിയമ പുസ്തകങ്ങളും ചേർന്ന ബൃഹത്തായ ഗ്രന്ഥസമാഹാരം . ആദ്യം മുതൽ അവസാനം വരെ ദൈവത്തിന്റെ സ്നേഹവും ദൈവത്തിന്റെ ഇടപെടലും തൊട്ടറിയാൻ സാധിക്കുന്ന പുസ്തകം.

ദൈവത്തിന്റെ സ്വന്തം നാടെന്ന് വിശേഷിപ്പിക്കപ്പെടുന്ന നമ്മുടെ കേരളത്തിന്റെ വടക്കേയറ്റത്തെ മണ്ണിൽ നിന്നും ക്രൈസ്തവരായ നമ്മൾ കേൾക്കാനും കാണാനും ആഗ്രഹിക്കാത്ത ഒരു വാർത്ത കേട്ടു കണ്ടു. ഓരോ ക്രൈസ്തവന്റെയും ജീവതത്തിന്റെ പ്രകാശത്തെ പ്രാണനെ ഒരുവൻ അഗ്നിയ്ക്കിരയാക്കുകയും ആ വീഡിയോ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്ത ദൗർഭാഗ്യകരവും വേദനാജനകവുമായ സംഭവം. ഇത്തരം പ്രവണതകളെ വെറുമൊരു ഒറ്റപ്പെട്ട സംഭവമായി മറ്റുള്ളവർ ചിത്രീകരിക്കുകയും കൂടാതെ ഇത്തരം ലാഞ്ഛനകളെ നിലപാടുകളെ ചിത്തഭ്രമത്തിന്റെ മറവിൽ നിർവീര്യമാക്കുകയും ചെയ്യുമ്പോൾ ഓർക്കുക ... അവൻ അത് വെറുമൊരു കടലാസ് കഷ്ണങ്ങൾ ആയിരിക്കാം. എന്നാൽ നമ്മൾ ക്രൈസ്തവർക്ക് അവിടെ എരിഞ്ഞത് ദൈവത്തിന്റെ വചനങ്ങളാണ്. നമുക്കായി കാൽവരിയിൽ എരിഞ്ഞടങ്ങിയ ആ പച്ച മനുഷ്യന്റെ ജീവന്റെ തുടിപ്പുകളാണ്. സഭ പലതരം വെല്ലുവിളികളിലൂടെയും കുറ്റപ്പെടത്തലകളിലൂടെയും കടന്നുപോയപ്പോഴും കൊടിയ മർദ്ദനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നപ്പോഴും നമ്മെ ചേർത്തു



www.malankaralibrary.com



നിർത്തിയതും ശക്തിപ്പെടുത്തിയതും ഈ വി. ബൈബിളാണ്. സജീവവും ഊർജസ്വലവും ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചു കയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമായ ദൈവത്തിന്റെ വചനങ്ങളാണ്.

നമ്മുടെ ചങ്കായ ചങ്കിടിപ്പായ വി. ബൈബിളിനെ ഒരുവൻ അഗ്നിയ്ക്കിരയാക്കിയാൽ നോക്കി നില്ക്കാൻ നമ്മൾ വെറും വഴിപോക്കരല്ല. മനുഷ്യരാശിയ്ക്ക് തന്റെ അവസാന തുള്ളി രക്തവും ഗാഗുൽത്തായിൽ ചീന്തിയ ആ യേശുക്രിസ്തുവിന്റെ അനുയായികളാണ്. 2023 ഫെബ്രുവരി 5 ന് എം.സി.വൈ. എം. മാവേലിക്കര ഭദ്രാസനം ഇതിനെതിരെ വി .ബൈബിൾ നെഞ്ചിലേറ്റി തെരുവോരങ്ങളിലേക്ക് പ്രതിഷേധ അഗ്നിയായി ഇറങ്ങിയപ്പോൾ ആ സായംസന്ധ്യയിൽ കർത്താവിന്റെ വചനം നെഞ്ചോട് ചേർത്ത് പിടിച്ച് മറ്റുള്ളവർക്ക് സാക്ഷ്യമാകാൻ ഞങ്ങൾ യുവജനങ്ങൾക്ക് സാധിച്ചു. ഈ പ്രതിഷേധ സദസും റാലിയും എം.സി.വൈ.എം. സഭാ തല ഡയറക്ടർ റവ. ഫാ.എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്യുകയും എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ റവ.ഫാ .വർഗ്ഗീസ് മുകളുംപുറത്ത് ആമുഖ സന്ദേശം നൽകുകയും ചെയ്തു. വി. ബൈബിൾ എന്താണെന്നും അത് ഓരോ






ക്രൈസ്തവനും എന്താണെന്നും സഭാതല മുൻ ഡയറക്ടർ റവ. ഫാ.ജോബ് കല്ലുവിളയിൽ മുഖ്യ സന്ദേശത്തിലൂടെ യുവജനങ്ങളെ ഉദ്ബോദിപ്പിച്ചു. തുടർന്ന് വി .ബൈബിൾ കൈകളിലേന്തി വൈദികരും സിസ്റ്റേഴ്സും യുവതി യുവാക്കന്മാരും ചാരുമൂടിന്റെ മണ്ണിൽ പ്രതിഷേധ റാലിയായി ഇറങ്ങി.ഏതെങ്കിലും ഒരുത്തൻ കത്തിച്ചാൽ ചാരമായി പോകുന്നതല്ല ഞങ്ങളുടെ ദൈവ വചനങ്ങൾ . മൂന്നു ആണിമേൽ ക്രൂശിക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തു എഴുന്നേറ്റ യേശുക്രിസ്തുവാണ് ഞങ്ങളുടെ രക്ഷകൻ ഞങ്ങളുടെ വഴിയും സത്യവും അതുകൊണ്ട് തന്നെ ഓരോ ക്രൈസ്തവന്റെയും നെഞ്ചിലേക്ക് ആഴ്ന്നിറങ്ങിയ വിശ്വാസത്തെ ഊതികെടുത്താൻ ഒരുത്തനും ശ്രമിക്കണ്ട . മുറിക്കപ്പെട്ടാൽ മുറി കൂട്ടി ഞങ്ങൾ വരും ചാരമാക്കപ്പെട്ടാലും ചാരത്തിൽ നിന്നും ഒരു ഫീനിക്സ് പക്ഷിയെ പോലെ പറന്നുയരും .' വിശുദ്ധമായ തു നായ്ക്കൾക്കു കൊടുക്കരുത്. നിങ്ങളുടെ മുത്തുകൾ പന്നികൾക്ക് ഇട്ടു കൊടുക്കരുത്. അവ അത് ചവിട്ടി നശിപ്പിക്കുകയും തിരിഞ്ഞു നിങ്ങളെ ആക്രമിക്കുകയും ചെയ്തേക്കാം' (മത്തായി:7/6) .വിശുദ്ധമായ ഞങ്ങളുടെ ഗ്രന്ഥത്തെ നശിപ്പിക്കുവാൻ ഒരു വർഗ്ഗീയവാദിയും വിചാരിക്കണ്ട. ഞങ്ങൾക്ക് കരുത്തായി താങ്ങായി ഞങ്ങൾക്ക് മുന്നേ നടന്ന് പോയ ഒരു നല്ല സമരിയാക്കാരൻ ഞങ്ങളോടൊപ്പം ഉണ്ട്.



www.malankaralibrary.com



# യുവത, കാലഘട്ടം, പ്രതികരണം

യുവത എല്ലാകാലവും കാലഘട്ടത്തോട് പ്രതികരിച്ചവരും കാലത്തിനു മുൻപേ നടന്നവരുമാണ്. അവരാണ് വർത്തമാനത്തിൽ ഇടപെടൽ നടത്തിയവരും തിരുത്തി മുന്നേറിയവരും. നമ്മുടെ ചുറ്റുമുള്ള സൂക്ഷ്മചലനങ്ങളെ പോലും തിരിച്ചറിഞ്ഞാലേ കൂടെ നിൽക്കുന്നവരെ നമുക്ക് നയിക്കാനാവു. കാലഘട്ടത്തോട് പ്രത്യുത്തരിക്കുമ്പോൾ ഉളവാകുന്ന തീ ഉള്ളിലുണ്ടായാലെ നമ്മളോട് പോലും നമുക്ക് സത്യസന്ധനാകാനാവു. യുവത അലസതയുടെ ആൾക്കൂട്ടമായ കാലത്തൊക്കെ സമൂഹം പിന്നോക്കം പോയിട്ടുണ്ട്. മുന്നോട്ടുള്ള യാത്രയിൽ നമ്മുടെ സമൂഹത്തിലും സഭയിൽ പോലും ജീർണതകൾ പ്രത്യക്ഷപെടാം. അവിടെ തിരുത്തൽ ശക്തിയായി ദൈവം 'ഫ്രാൻസിസു'മാരെ നിയോഗിച്ചിട്ടുണ്ട്. പല തിരുത്താലുകളും പരിശുദ്ധത്മാവിന്റെ ഇടപെടലാണെന്നു വ്യക്തം.

ഒരു പത്തുവർഷം മുമ്പത്തെ നാടല്ല നമ്മുടേത്. ആ മാറ്റം കാലാനുസൃതമായി വന്ന മാറ്റമല്ല. സാധാരണ ഉണ്ടാകുന്ന മാറ്റങ്ങൾ പൊതുവായി ഉണ്ടാകുന്ന സാഹചര്യങ്ങളെ ആശ്രയിച്ചു രൂപപ്പെടുന്നവ ആയിരുന്നെങ്കിൽ, ഇന്ന് ചില ഗ്രൂപ്പുകൾ ബോധപൂർവം സൃഷ്ടിച്ചെടുക്കുന്ന ചർച്ചകളും അതിലൂടെ ഉണ്ടാക്കിയെടുക്കുന്ന മാറ്റങ്ങളുമാണ്. ഇത് ആപത്കരമായ സാഹചര്യത്തെയാണ് അടയാളപ്പെടുത്തുന്നത്.

സത്യാനന്തര കാലത്ത് അസത്യം സത്യമായി പ്രചരിക്കപ്പെടുകയും വിശ്വാസമാവുകയും ചെയ്യുന്ന കാലത്ത്, മനുഷ്യന്റെ മൗലികമായ ചിന്താ ശേഷി തകർത്ത്, യുക്തിയെ തന്നെ ഇല്ലായ്മ ചെയ്ത്, കണ്ടതും അറിഞ്ഞതും സത്യമല്ലെന്നും തങ്ങൾ പറയുന്നത് മാത്രമാണ് സത്യമെന്നും ഭീഷണിയുടെയും പിന്തുണയുടെയും സ്വരങ്ങളിൽ നമ്മുടെ തലച്ചോറിൽ നിക്ഷേപിക്കപെടുമ്പോൾ, ഇന്നലകളിലെ പ്രവർത്തന രീതികളോ, പരിപാടികളോ അല്ല നമുക്ക് ഇന്ന് വേണ്ടത്. ചരിത്രത്തിൽ സന്നദ്ധ ഘട്ടങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. മാനവരാശി അതിനെ അതിജീവിച്ചിട്ടുമുണ്ട്. വിശ്വാസമായിരിക്കണം, സുവിശേഷമായിരിക്കണം നമുക്ക് കൈകോർക്കാനുള്ള മാനദണ്ഡം. വൈരുധ്യങ്ങൾ മാറ്റിവെച്ചു, സ്വാർത്ഥതകൾ വെടിഞ്ഞു, കത്തിതുടങ്ങുന്ന കാട്ടിൽ സ്നേഹത്തിന്റെ കുളിർമഴ പെയ്യിക്കാൻ നമുക്ക് തോളോട് തോൾ ചേർത്ത്വെയ്ക്കാം. അല്ലെങ്കിൽ നാം ചരിത്രത്തിന്റെ ഭാഗമായി പോകും.

സഹനങ്ങൾ പിന്നിട്ട ഉയിർപ്പിന്റെ പുലരി നമുക്ക് മുന്നിലുണ്ട്. ഉത്ഥിതന്റെ പ്രകാശമാണ് നമുക്ക് മുകളിലുള്ളത്. ഒരു മൈൽ നടക്കാൻ ആവശ്യപ്പെടുന്നവന്റെ ഒപ്പം രണ്ടാമത്തെ മൈൽ നടക്കുമ്പോൾ ആ വഴിയരികിൽ വിടരുന്ന പനിനീർപൂവാണല്ലോ ക്രൈസ്തവികത. നമുക്ക് സ്നേഹത്തിന്റെ ക്രൂശിത രൂപവുമായി ഒരുമിച്ച് മുന്നോട്ടു പോകാം. ലോകം നമ്മെ അനുഗമിക്കട്ടെ!

**എന്ന്,**
**ഒരു മുൻകാല**
**എം സി വൈ എം പ്രവർത്തകൻ**

www.malankaralibrary.com

# ആദരാഞ്ജലികൾ ....













Thank You


www.malankaralibrary.com

# അഭിനന്ദനങ്ങൾ...












# വാർത്തകൾ

www.malankaralibrary.com

## ഭദ്രാസന സമിതി

### വാർഷിക സെനറ്റ്



എം സി. വൈ എം മാവേലിക്കര ഭദ്രാസന വാർഷിക സെനറ്റ് 2022 ഡിസംബർ 31 ന് കറ്റാനം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ ചാരുമൂട് , സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. എം സി വൈ എം കറ്റാനം വൈദിക ജില്ലാ പ്രസിഡന്റ് ശ്രീ. ജോബിൻ ജി ജോൺ എം സി. വൈ എം പ്രതിജ്ഞ ചൊല്ലി സെനറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ചു.ഭദ്രാസന പ്രസിഡന്റ് ശ്രീ.ജിതിൻ ഷാജി അധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.രഞ്ജു രാജു സ്വാഗതം ആശംസിച്ചു. എം. സി. വൈ. എം. ചാരുമൂട് യൂണിറ്റ് ഡയറക്ടർ റവ.ഫാ. ഗീവർഗീസ് ചാക്കപൂട്ടിൽ ഉദ്ഘാടനം ചെയ്ത സെനറ്റ് സമ്മേളനത്തിന് ഭദ്രാസന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് മുകുളംപുറത്ത് ആമുഖ സന്ദേശം നൽകി.തുടർന്ന് വൈദിക ജില്ലകളുടെ റിപ്പോർട്ട് അവതരണത്തിനു ശേഷം ഭദ്രാസന സമിതിയുടെ 6 മാസക്കാലത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു.തുടർന്ന് സംഘടന ചർച്ചയും സമിതിയുടെ വരും പ്രവർത്തനങ്ങളെ പറ്റിയുള്ള ചർച്ചയും നടത്തപ്പെട്ടു.ഭദ്രാസന ട്രഷറർ ശ്രീ.കിച്ചു തോമസ് സെനറ്റ് സമ്മേളനത്തിന് നന്ദി അർപ്പിച്ചു.

### ലഹരി വിരുദ്ധ സന്ദേശ യാത്രയ്ക്ക് സ്വീകരണം



കെ സി വൈ എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ലഹരി വിരുദ്ധ സന്ദേശ റാലിക്കു കൊല്ലം പെരുമ്പുഴയിൽ വെച്ച് എം സി. വൈ എം മാവേലിക്കര ഭദ്രാസനസമിതിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. തുടർന്ന് എം. സി.വൈ.എം മാവേലിക്കര രൂപതയും കെ സി വൈ എം കൊല്ലം രൂപതയും സംയുക്തമായി സ്വീകരണ യോഗം കുണ്ടറ ആശുപത്രി ജംഗ്ഷനിൽ സംഘടിപ്പിച്ചു. കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് ശ്രീ.ഷിജോ മാത്യു ഇടയാടിയിൽ അധ്യക്ഷത വഹിച്ച യോഗം മാവേലിക്കര ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുകയും കൊല്ലം രൂപത വികാരി ജനറൽ റവ. ഫാ. വിൻസന്റ് മോജോട്ടോ ലഹരി വിരുദ്ധ സന്ദേശം നൽകുകയും ചെയ്തു. കെ സി വൈ എം സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര , എം. സി വൈ എം മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി ,കെസിവൈഎം മുൻ പ്രസിഡന്റ് എഡ്വേർഡ് രാജു എന്നിവർ സംസാരിച്ചു. തൃശ്ശൂരിൽ നടക്കുന്ന KYC (കേരള യൂത്ത് കോൺഫറൻസ്) യുടെ ആരംഭമായി സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യു ദീപശിഖയും കെ സി വൈ എം പതാകയും

# വാർത്തകൾ

www.malankaralibrary.com



മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജിക്കും KYC യുടെ ലോഗോ എം. സി. വൈ. എം മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. ഡെന്നിസ് മുകുളുംപുറത്തിനും കൈമാറി. എം സി വൈ എം മാവേലിക്കര ഭദ്രാസന ജനറൽ സെക്രട്ടറി രഞ്ജു രാജു ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും തുടർന്ന് കെസിവൈഎം സംസ്ഥാന ജനറൽ സെക്രട്ടറി ബിച്ചു കുര്യൻ യോഗത്തിന് നന്ദി അറിയിച്ചു.

## KYC




കെ സി വൈ എം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 2023 ജനുവരി 20,21,22 തീയതികളിൽ തൃശ്ശൂരിൽ വച്ച് നടത്തപ്പെട്ട കേരള യൂത്ത് കോൺഫറൻസിൽ എം സി വൈ എം മാവേലിക്കര ഭദ്രാസന പ്രതിനിധികൾ പങ്കെടുത്തു.

## അഭിവന്ദ്യ പിതാവിന് ആശംസകൾ






നാമഹേതുക തിരുനാളിന്റെയും മെത്രാഭിഷേക രജത ജൂബിലിയുടെയും ആശംസകൾ അറിയിച്ചു കൊണ്ട് മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനെ എം .സി .വൈ .എം മാവേലിക്കര ഭദ്രാസന സമിതി 2023 ജനുവരി 26 പുന്നമൂട് അരമനയിൽ സന്ദർശിക്കുകയും ഭദ്രാസന സമിതിയുടെ ആശംസകൾ ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി അറിയിക്കുകയും ചെയ്തു.

## കർമ്മപദ്ധതി പ്രകാശനം



www.malankaralibrary.com

എം സി വൈ എം. മാവേലിക്കര ഭദ്രാസനത്തിന്റെ 2023 വർഷത്തെ കർമ്മ പദ്ധതി THEOPHINE, അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപോലീത്തയുടെ മെത്രാഭിഷേക രജത ജൂബിലിയുടെ ഭാഗമായുള്ള കർമ്മ പരിപാടികൾ 2023 ജനുവരി 26 വൈകുന്നേരം 5.30 ന് മാവേലിക്കര അമലഗിരി ബിഷപ് ഹൗസിൽ വച്ച് ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്തിന്റെയും സമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപോലീത്ത പ്രകാശനം ചെയ്തു.




## GLOBAL MEET 2K23




എം സി വൈ എം. സഭാതല സമിതിയുടെ ഗ്ലോബൽ മീറ്റ് 2023 ജനുവരി 28, 29 തീയതികളിൽ നാലാഞ്ചിറ മാർ ബസേലിയോസ് എഞ്ചിനീറിംഗ് കോളജിൽ വച്ച് നടത്തപ്പെട്ടു. ഗ്ലോബൽ മീറ്റിൽ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുക്കുകയും ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. രഞ്ചു രാജു അവതരിപ്പിക്കുകയും ചെയ്തു.തുടർന്ന് നടന്ന സംഘടനാ ചർച്ചയിലും ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുത്തു.

## പ്രതിഷേധ സദസ്സും പ്രതിഷേധ റാലിയും



ക്രൈസ്തവരുടെ വിശുദ്ധ ഗ്രന്ഥമായ വി. ബൈബിളിനെ കാസർകോട് സ്വദേശി അവഹേളിക്കുകയും അഗ്നിക്കിരയാക്കുകയും ചെയ്ത സംഭവത്തിനെതിരെ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ചാരുമൂട് ജംഗ്ഷനിൽ പ്രതിഷേധ സദസ്സും പ്രതിഷേധ റാലിയും സംഘടിപ്പിച്ചു. എം സി വൈ എം ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന് ജനറൽ സെക്രട്ടറി ശ്രീ. രഞ്ചു രാജു സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ റവ ഫാ. വർഗ്ഗീസ് മുകുളുംപുറത്ത് ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. എം സി വൈ എം സഭാതല ഡയറക്ടർ റവ. ഫാ.എബ്രഹാം മേപ്പുറത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിന് എം.സി.വൈ എം. സഭാതല മുൻ ഡയറക്ടർ റവ. ഫാ. ജോബ് കല്ലുവിള മുഖ്യപ്രഭാഷണം നടത്തി. ശേഷം സമാപന സന്ദേശം വന്ദ്യ യൂഹാന്നോൻ പുത്തൻ വീട്ടിൽ റമ്പാൻ നൽകി. യോഗത്തിന്

www.malankaralibrary.com

ഭദ്രാസന ട്രഷറാർ കിച്ചു തോമസ് നന്ദി അറിയിച്ചു. തുടർന്ന് പ്രതിഷേധ റാലി നടത്തപ്പെട്ടു. സമ്മേളനത്തിൽ റവ. ഫാ. ജോൺ വൈപ്പിൽ, റവ. ഫാ. നെബു, റവ. ഫാ. റോബർട്ട് പാലവിള, റവ. ഫാ. ജോൺ അയണുവേലിൽ, റവ. ഫാ. തോമസ് പുത്തൻപറമ്പിൽ, റവ. ഫാ. ജെയിൻ തെങ്ങുവിള, റവ. ഫാ. ഗീവർഗ്ഗീസ് ചാക്കപ്പൂട്ടിൽ, റവ. ഫാ. വർഗ്ഗീസ് കൊച്ചുകളീക്കൽ, റവ. ഫാ. ഗീവർഗ്ഗീസ് ചരുവിള, റവ. ഫാ. ഡാനിയേൽ തെക്കേടത്ത്, റവ.ഫാ. ബെന്നി വെളുന്തറ OIC, റവ .ഫാ. ജോൺ തോട്ടത്തിൽ, റവ. ഫാ. സാം ജി പാരുവേലിൽ എന്നിവർ സന്നിഹിതരായിരുന്നു.

## Youth Talks


എം.സി.വൈ.എം സഭാതല സമിതിയുടെ നേതൃത്വത്തിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി വിശുദ്ധ ബൈബിളിന്റെ പ്രാധാന്യവും, വിശുദ്ധിയും സമൂഹമധ്യത്തിൽ കൂടുതൽ മനസ്സിലാക്കി കൊടുക്കുവാൻ പുറത്തിറക്കിയ വീഡിയോ സീരീസിൽ ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി സംസാരിച്ചു.

## KCYM വാർഷിക സെനറ്റ്




നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് 2023 ഫെബ്രുവരി 17,18,19 തീയതികളിൽ നടന്ന കെ സി വൈ എം വാർഷിക സെനറ്റിൽ എം സി വൈ എം മാവേലിക്കര ഭദ്രാസന സമിതി പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം



2023 വർഷത്തെ മെമ്പർഷിപ്പ് ക്യാമ്പയിൻ ഉദ്ഘാടനം കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് ശ്രീ.ഷാരോൺ കെ റെജി നിർവഹിച്ചു. എം സി വൈ എം മാവേലിക്കര ഭദ്രാസന ആനിമേറ്റർ റവ. സി. സജീവ എസ് ഐ സി, ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജി, ജനറൽ സെക്രട്ടറി ശ്രീ. രഞ്ചു രാജു, ട്രഷറാർ ശ്രീ. കിച്ചു തോമസ്, കെ സി വൈ എം സംസ്ഥാന സെക്രട്ടറി ശ്രീ. ഷിബിൻ ഷാജി മറ്റ് ഭദ്രാസന സമിതി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## നോമ്പുകാല പ്രാർത്ഥനയും വിശുദ്ധ കുമ്പസാരവും : കൊല്ലം, കടമ്പനാട്, പുത്തൂർ വൈദിക ജില്ലകൾ

എം.സി .വൈ എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നോമ്പുകാല പ്രാർത്ഥനയും വിശുദ്ധ കുമ്പസാരവും കൊല്ലം, കടമ്പനാട്, പുത്തൂർ വൈദിക ജില്ലകളിലെ യുവജനങ്ങൾക്കായി പുത്തൂർ വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ മാറനാട് ,സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് 2023 ഫെബ്രുവരി 26 ന് നടത്തപ്പെട്ടു. ബ്രദർ. വർഗീസ് ഓരിപുറം ധ്യാനം നയിച്ചു. നോമ്പ് കാലം യേശുവിനെ കാണുവാനും കേൾക്കുവാനും അനുഗമിക്കാനും ദൈവത്തിന്റെ കരവലയത്തിൽ വരാനും ഉള്ള

# വാർത്തകൾ

www.malankaralibrary.com

സമയമാണെന്നും പഠിപ്പിച്ച് തന്ന ധ്യാനം. തുടർന്ന് വിശുദ്ധ കുർബാനയുടെ ആരാധനയും വിശുദ്ധ കുമ്പസാരവും നടത്തപ്പെട്ടു. എം.സി.വൈ.എം മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളുംപുറത്ത് വിശുദ്ധ കുർബാനയുടെ ആരാധനയ്ക്ക് നേതൃത്വം നൽകി.





## അനുമോദനം

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റ റവ.ഫാ ജോൺ അയണുവേലിലിനും കെ.സി.വൈ. എം. സംസ്ഥാന സമിതി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഭദ്രാസനസമിതിയംഗം ശ്രീ. ഷിബിൻ ഷാജിക്കും എം സി വൈ എം മാവേലിക്കര ഭദ്രാസനം അനുമോദനം നൽകി. ഭദ്രാസന ഡയറക്ടർ റവ .ഫാ. വർഗീസ് മുകുളുംപുറത്തിന്റെ സാന്നിധ്യത്തിൽ ഭദ്രാസന പ്രസിഡന്റ് ശ്രീ.ജിതിൻ ഷാജി അനുമോദങ്ങൾ അറിയിച്ച് സംസാരിക്കുകയും മാറനാട് എം.സി.വൈ. എം. ഡയറക്ടർ റവ .ഫാ.മാത്യു ചെങ്കിലാത്ത് റവ.ഫാ ജോൺ അയണുവേലിലിനും ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ.രഞ്ചു രാജു ശ്രീ. ഷിബിൻ ഷാജിക്കും പൊന്നാട അണിച്ച് ആദരം അറിയിച്ചു.

## നോമ്പുകാല പ്രാർത്ഥനയും വിശുദ്ധ കുമ്പസാരവും : കറ്റാനം, മാവേലിക്കര, ചെങ്ങന്നൂർ വൈദിക ജില്ലകൾ



എം.സി .വൈ എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നോമ്പുകാല പ്രാർത്ഥനയും വിശുദ്ധ കുമ്പസാരവും കറ്റാനം, മാവേലിക്കര, ചെങ്ങന്നൂർ വൈദിക

www.malankaralibrary.com

ജില്ലകളിലെ യുവജനങ്ങൾക്കായി കറ്റാനം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ ചാരുമൂട് ,സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് 2023 മാർച്ച് 5 ന് നടത്തപ്പെട്ടു. എം.സി.വൈ.എം മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളുംപുറത്ത് ധ്യാനം നയിച്ചു. സൗഖ്യദായകനായ യേശു ക്രിസ്തുവിനെ ഹൃദയത്തോട് ചേർത്ത് വച്ച് ഹൃദയം ഉരുകി പ്രാർത്ഥിക്കാൻ ലഭിച്ച നിമിഷങ്ങൾ.... തുടർന്ന് വിശുദ്ധ കുർബാനയുടെ ആരാധനയും വിശുദ്ധ കുമ്പസാരവും നടത്തപ്പെട്ടു.

## പ്രതിഷേധജ്വാല



ക്രൈസ്തവ വിശ്വാസത്തെയും, വൈദികരെയും സന്ന്യസ്തരെയും അവഹേളിക്കുന്ന സംഭവങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ എം സി വൈ എം മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ പ്രതിഷേധജ്വാല സംഘടിപ്പിച്ചു. കൊല്ലം കടപ്പാക്കട സെന്റ് തോമസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് കൊല്ലം വൈദിക ജില്ലാ വികാരി റവ. ഫാ. ജോസ് വെണ്മലോട്ട് പ്രരംഭാ പ്രാർത്ഥനയും ആമുഖ സന്ദേശവും നൽകി തുടർന്ന് ചിന്നക്കടയിലേക്ക് നടന്ന പ്രതിഷേധ റാലിയിൽ 200 ഓളം സിസ്റ്റേഴ്സും , വൈദികരും യുവജനങ്ങളും പങ്കെടുത്തു.. ശേഷം എംസി വൈ എം മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജിയുടെ അധ്യക്ഷതയിൽ നടന്ന പ്രതിഷേധ സദസ്സിന് എം സി വൈ എം മാവേലിക്കര ഭദ്രാസന ജനറൽ സെക്രട്ടറി രഞ്ചു രാജു സ്വാഗതം ആശംസിക്കുകയും ഭദ്രാസന ഡയറക്ടർ റവ. ഫാ വർഗീസ് മുകുളുംപുറത്ത് ആമുഖ സന്ദേശം നൽകുകയും ചെയ്തു. മാവേലിക്കര ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്ത പ്രതിഷേധ സദസ്സിന് റവ. ഫാ. ബേണി വർഗ്ഗീസ് OFM മുഖ്യ സന്ദേശം നൽകുകയും ചെയ്തു. സന്ന്യാസിനികളെ പ്രതിനിധീകരിച്ച് റവ. സി. ആഗ്നറ്റ് എസ്. ഐ. സി, കെ സി വൈ എം മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി ഡെലിൻ ഡേവിഡ് എന്നിവർ സംസാരിച്ചു. ബഥനി സന്ന്യാസിനി സമൂഹം മദർ ജനറൽ റവ. ഡോ. സി ആർദ്ര എസ്.ഐ.സി, ബഥനി സന്ന്യാസിനി സമൂഹം പത്തനംതിട്ട പ്രോവിൻസിന്റെ പ്രോവിൻഷൽ റവ. സി. തമീം എസ്.ഐ.സി, വിമലഹൃദയ സഭയുടെ ജനറൽ കൗൺസിലർ സി. റെനോറ മെരി, ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ ജോൺ അയണുവേലിൽ, നിരവധി വൈദീകർ, സിസ്റ്റേഴ്സ്, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു. എംസി വെഎം മാവേലിക്കര ഭദ്രാസന ട്രഷറർ കിച്ചു തോമസ് പ്രതിഷേധ സദസ്സിന് നന്ദി അറിയിച്ചു.






www.malankaralibrary.com

## കടമ്പനാട് വൈദിക ജില്ല

### ലീഡേഴ്‌സ് മീറ്റ്



എം സി വൈ എം കടമ്പനാട് വൈദിക ജില്ലയുടെ യൂണിറ്റ് ഭാരവാഹികളുടെ ലീഡേഴ്‌സ് മീറ്റ് 2023 ഫെബ്രുവരി 05 ന് തുവയൂർ വെസ്റ്റ് ദേവാലത്തിൽ വച്ച് നടത്തപ്പെട്ടു.

### പ്രതിഷേധ സംഗമം



വി. ബൈബിൾ അഗ്നിക്കിരയാക്കുകയും ആ വീഡിയോ സമൂഹ മാധ്യമത്തിലൂടെ പ്രചരിപ്പിക്കുകയും ചെയ്ത പ്രവർത്തിക്കെതിരെയുള്ള എം സി വൈ എം കടമ്പനാട് വൈദീക ജില്ലയുടെ പ്രതിഷേധം സംഗമം തുവയൂർ ജംഗ്ഷനിൽ വെച്ച് 2023 ഫെബ്രുവരി 5 ഞായറാഴ്ച വൈകിട്ട് 3.30 നു നടത്തപ്പെട്ടു. പ്രതിഷേധ സംഗമം എം സി വൈ എം ജില്ലാ ഡയറക്ടർ റവ. ഫാ. ജോർജ് കോട്ടപ്പുറം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

## പ്രവർത്തന വർഷ ഉദ്ഘാടനം



എം സി വൈ എം കടമ്പനാട് വൈദീക ജില്ലയുടെ 2023 വർഷത്തെ പ്രവർത്തന വർഷ ഉദ്ഘാടനം 2023 ഫെബ്രുവരി 18 ന് കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ബഹുമാനപെട്ട ശ്രീ. ചിറ്റയം ഗോപകുമാർ നിർവഹിച്ചു. കടമ്പനാട് ജില്ലാ വികാരി റവ. ഫാ.ഗീവർഗീസ് വൈദ്യൻ കർമ്മപദ്ധതി പ്രകാശനം ചെയ്തു. എം സി വൈ എം മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളുംപുറത്ത് , എം സി വൈ എം കടമ്പനാട് ജില്ലാ ഡയറക്ടർ റവ. ഫാ. ജോർജ് കോട്ടപ്പുറം, എം സി വൈ എം സഭാതല ട്രഷറർ ശ്രീ. ജോബിൻ ഡേവിഡ്, ജില്ലാ പ്രസിഡന്റ് ശ്രീ. സിജോ ജെ ജേക്കബ്, ജില്ലാ സെക്രട്ടറി ശ്രീ. ഷിജോ ജെ, പാറക്കൂട്ടം യൂണിറ്റ് ആനിമേറ്റർ സി. ആൻസിലിൻ എസ് സി വി എന്നിവർ സംസാരിച്ചു.


### യൽദാ ഗാന മത്സരം



www.malankaralibrary.com

എം സി വൈ എം കടമ്പനാട് വൈദീക ജില്ലയുടെ ആഭിമുഖ്യത്തിൽ യൽദാ ശുശ്രൂഷ ഗാനങ്ങളുടെ ഓൺലൈൻ മത്സരം 2022 ഡിസംബർ മാസം 9 മുതൽ 31 വരെ നടത്തപ്പെട്ടു. മത്സരത്തിൽ 2 ഭദ്രാസനത്തിൽ നിന്നും 1 അതിഭദ്രാസനത്തിൽ നിന്നും 9 ടീമുകൾ പങ്കെടുത്തു. മത്സരത്തിൽ ഒന്നാം സ്ഥാനവും 5000 രൂപയും മാവേലിക്കര ഭദ്രാസനത്തിലെ ശൂരനാട് നോർത്ത്, സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയവും രണ്ടാം സ്ഥാനവും 3000 രൂപയും മാവേലിക്കര ഭദ്രാസനത്തിലെ തുവയൂർ വെസ്റ്റ്, സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയവും മൂന്നാം സ്ഥാനവും 1000 രൂപയും പത്തനംതിട്ട ഭദ്രാസനത്തിലെ നെടുമൺകാവ്, സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയവും കരസ്ഥമാക്കി.

## പ്രതിഷേധം




തലശ്ശേരി ബ്രണ്ണൻ കോളേജിലെ കലോത്സവവുമായി ബന്ധപ്പെട്ട് ക്രൈസ്തവർ മനുഷ്യരക്ഷയുടെ പ്രതീകമായി കാണുന്ന വിശുദ്ധ കുരിശിനെയും ക്രൈസ്തവ ജീവിതത്തിൽ പരിപാവനമായി കാണുന്ന കുമ്പസാരത്തെയും അപമാനിച്ചുകൊണ്ട് എസ്എഫ്ഐ ക്യാമ്പസിൽ സ്ഥാപിച്ച ബാനറുകളിലെ ചിത്രീകരണങ്ങൾക്ക് എതിരെ ശക്തമായി പ്രതിഷേധിച്ചു.

## കൊല്ലം വൈദിക ജില്ല
### കർമ്മപദ്ധതി പ്രകാശനം



എം.സി.വൈ.എം കൊല്ലം വൈദിക ജില്ലയുടെ 2023 വർഷത്തെ കർമ്മപദ്ധതി കൊയ്നോണിയ ഉദ്ഘാടനം ഫെബ്രുവരി 12 ഞായറാഴ്ച കല്ലുവാതുക്കൽ നല്ലിടയൻ മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. എം.സി.വൈ.എം കൊല്ലം വൈദിക ജില്ല പ്രസിഡന്റ് ശ്രീ റോബിൻ മത്തായി അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ സെക്രട്ടറി സജിനി സ്വാഗതം ആശംസിക്കുകയും,എം.സി.വൈ.എം കൊല്ലം വൈദിക ജില്ല ഡയറക്ടർ ബഹുമാനപ്പെട്ട ജോൺ കടുവിങ്കൽ അച്ചൻ ആമുഖ പ്രസംഗം നടത്തുകയും,തുടർന്ന് കല്ലുവാതുക്കൽ ഇടവക വികാരി ബഹുമാനപ്പെട്ട സാമുവേൽ പഴവൂർപടിക്കൽ അച്ചൻ കർമപദ്ധതി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. മുൻ സഭാതല ഡയറക്ടർ ബഹുമാനപ്പെട്ട ജോബ് കല്ലുവിളയിൽ അച്ചനും, ബഹുമാനപ്പെട്ട സാമുവേൽ പഴവൂർപടിക്കൽ അച്ചനും ചേർന്ന് ഈ വർഷത്തെ കർമ്മപദ്ധതി പ്രകാശനം ചെയ്യുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട ജോബ് കല്ലുവിളയിൽ അച്ചൻ എം.സി.വൈ.എം ഭരണഘടന ക്ലാസ്സ് എടുക്കുകയും ചെയ്തു. ബഹു. ഫാ. ഡാനിയേൽ പുത്തൻപുരയ്ക്കൽ , ജില്ല ആനിമേറ്റർ സിസ്റ്റർ പൂജിത എസ്.ഐ.സി, ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. രഞ്ജു രാജു എന്നിവർ ആശംസകൾ അറിയിച്ചുകൊണ്ട് സംസാരിച്ചു.ശേഷം ട്രഷറർ ആൽവിൻ ഇമ്മാനുവേൽ മീറ്റിംഗിന് നന്ദി അറിയിച്ചു.

www.malankaralibrary.com

## പരീക്ഷ ഒരുക്ക ധ്യാനം







പരീക്ഷയ്ക്കായി തയ്യാറെടുക്കുന്നവരെ ആത്മീയമായും ഭൗതീകമായും ഒരുക്കുന്നതിനായി എം. സി. വൈ. എം കൊല്ലം വൈദിക ജില്ലയുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക സെമിനാറും ധ്യാനവും ഫെബ്രുവരി 18 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് പള്ളിമൺ സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.ബഹുമാനപ്പെട്ട മാത്യു എബ്രഹാം തലവൂർ അച്ചനാണു ക്ലാസ്സ് നയിച്ചത്. അതിനുശേഷം പരിശുദ്ധ കുർബാനയുടെ ആരാധനയും നടത്തപ്പെട്ടു.

## ഉറഹോദ് സ്ലീബോ: കുരിശിന്റെ വഴി

വലിയ നോമ്പിനോട് അനുബന്ധിച്ച് യുവജനങ്ങളെ ആത്മീയമായി ഒരുക്കുന്നതിനായി എം.സി.വൈ.എം കൊല്ലം വൈദിക ജില്ലയുടെ നേതൃത്വത്തിൽ ഉറഹോദ് സ്ലീബോ കുരിശിന്റെ വഴി, എം. സി. വൈ. എം കൊല്ലം വൈദിക ജില്ല ഡയറക്ടർ ബഹു. ജോൺ കടുവിങ്കൽ അച്ചന്റെ നേതൃത്വത്തിൽ കുണ്ടറ ലിറ്റിൽ ഫ്ളവർ മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ നിന്ന് ചൊവ്വള്ളൂർ സെന്റ് റീത്താസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയം വരെ നടത്തപ്പെട്ടു.യുവജനങ്ങളും, മാതാപിതാക്കളും, കുഞ്ഞുങ്ങളും ഭക്തിപൂർവ്വം കുരിശിന്റെ വഴിയിൽ പങ്കെടുത്തു. തുടർന്ന് ചൊവ്വള്ളൂർ സെന്റ് റീത്താസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് പരിശുദ്ധ കുർബാനയുടെ ആരാധനയക്ക് ബഹു.മാത്യൂസ് കുഴിവിള അച്ചൻ നേതൃത്വം നൽകി.തുടർന്ന് യുവജങ്ങൾക്കായി വി. കുമ്പസാരം നടത്തപ്പെടുകയും ചെയ്തു.









## മാവേലിക്കര വൈദിക ജില്ല
### കർമ്മപദ്ധതി ഉദ്ഘാടനവും തീം പഠനവും

എം സി വൈ എം മാവേലിക്കര വൈദിക ജില്ലയുടെ 2023 കർമ്മപദ്ധതി ഉദ്ഘാടനവും തീം പഠനവും മാവേലിക്കര വൈദീക ജില്ലയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട മത്സരങ്ങളുടെ സമ്മാനദാനവും 2023 ഫെബ്രുവരി മാസം 12 ഉച്ചയ്ക്ക് 2 മണിക്ക് ചേപ്പാട് തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. എം സി വൈ എം ചേപ്പാട് യൂണിറ്റ് ആനിമേറ്റർ ബഹു. സി. ജനറ്റ് എസ് .ഐ .സി എം സി വൈ എം പതാക ഉയർത്തി ആരംഭിച്ചു. യൂത്ത് മിനിസ്ട്രിയുടെ അസ്സിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജെയ്സ് കുളത്തിങ്കൽ ഈ വർഷത്തെ തീമിനെയും ഇപ്പോൾ സമൂഹത്തിൽ നടക്കുന്ന പ്രശ്നങ്ങളെയും അടിസ്ഥാനമാക്കി ക്ലാസ്സ് എടുക്കുകയും ചെയ്തു . 4 മണിയോടെ കർമ്മ പദ്ധതി ഉദ്ഘാടന മീറ്റിംഗ് എം.സി.വൈ.എം മാവേലിക്കര വൈദീക ജില്ലാ പ്രസിഡന്റ് സാന്റോ സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ആരംഭിക്കുകയും

www.malankaralibrary.com

എം സി വൈ എം മാവേലിക്കര വൈദീക ജില്ലാ സെക്രട്ടറി ഫ്ലെസ്സി സാം മീറ്റിങ്ങിന് സ്വാഗതം ആശംസിക്കുകയും , എം സി വൈ എം മാവേലിക്കര വൈദിക ജില്ല ഡയറക്ടർ ബഹു. റവ.ഫാ.തോമസ് പുത്തൻ പറമ്പിൽ ആമുഖ സന്ദേശം നല്ക്കുകയും ചെയ്തു. തുടർന്ന് ബഹു.ജില്ലാ വികാരി റവ.ഫാ.ജോർജ്ജ് ചരുവിള കോർഎപ്പിസ്കോപ്പ കർമ്മ പദ്ധതി ഉദ്ഘാടനം ചെയ്യുകയും , എം സി വൈ എം കാരിച്ചാൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ.വർഗ്ഗീസ് കൊച്ചുകളീക്കലും എം സി വൈ എം മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജിയും പരിപാടിക്ക് ആശംസ അറിയിച്ചു. തുടർന്ന് 2022 വർഷത്തിൽ മാവേലിക്കര വൈദീക ജില്ലയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട മത്സരങ്ങളുടെ സമ്മാനദാനവും നിർവഹിക്കുകയും ചെയ്തു. തുടർന്ന് ജില്ലാ വൈസ് പ്രസിഡന്റ് ലിബി ബിജു ഏവർക്കും നന്ദി അർപ്പിച്ചു.





MCYM മാവേലിക്കര വൈദിക ജ


കർമ്മപദ്ധതി 2K2

PROCHORISE - MOVE FORWAR

| | |
|---|---|
| ജനുവരി | CROSS ROADS - CAREER GUIDANCE PROGRAMM |
| ഫെബ്രുവരി | കർമ്മപദ്ധതി ഉദ്ഘാടനം<br>THEME BASED CLASS, സമ്മാനദാനം<br>പരീക്ഷ ഒരുക്ക ധ്യാനം |
| മാർച്ച് | വിശുദ്ധിയുടെ വഴി |
| ഏപ്രിൽ | PRAISE & WORSHIP |
| മെയ് | KICK 2K23 (FOOTBALL TOURNAMENT), കരുതേ |
| ജൂൺ | തണൽ (പരിസ്ഥിതി ദിനം)<br>അർദ്ധവാർഷിക സെനറ്റ് |
| ജൂലൈ | പദയാത്ര |
| ആഗസ്റ്റ് | ഹമാര ഭാരത്<br>വിയാനി ദിനം, തൂലിക 2K23 (രചനാ മത്സരങ |
| സെപ്റ്റംബർ | പുനരൈക്യ അനുസ്മരണം |
| ഒക്ടോബർ | ഹെസദ്, വേദി 2K23 (കലാമത്സരം) |
| നവംബർ | വനിതാ സംഗമം<br>SPORTS MEET |
| ഡിസംബർ | പുൽക്കൂട് മത്സരം<br>വാർഷിക സെനറ്റ് |

## ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം

എം.സി.വൈ.എം മാവേലിക്കര വൈദീക ജില്ലയുടെ ആഭിമുഖ്യത്തിൽ വിദേശ രാജ്യങ്ങളിലെ പഠനം ശാശ്വതമോ? ഇന്ത്യയിലെ പഠന സാധ്യതകളും എന്ന വിഷയത്തെക്കുറിച്ച് ഒരു ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം ജനുവരി മാസം 29 ന് ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ ഗൂഗിൾ മീറ്റ് വഴി നടത്തപ്പെട്ടു. 60 ഓളം യുവജനങ്ങൾ ഈ പരിപാടിയിൽ പങ്കെടുത്തു.




## കറ്റാനം വൈദിക ജില്ല
## കർമ്മപദ്ധതി ഉദ്ഘാടനവും തീം പഠന ശിബിരം

യുവജനങ്ങളെ ഉണരു തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം എന്ന തീമിനെ മുറുകെ പിടിച്ചു കൊണ്ട് എം സി വൈ എം കറ്റാനം വൈദിക ജില്ലയുടെ 2023 വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനവും തീം പഠന ശിബിരവും 2023 ഫെബ്രുവരി 26 ന് പണയിൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. എം സി വൈ എം കറ്റാനം വൈദിക ജില്ല പ്രസിഡന്റ് ജോബിൻ ജി ജോണിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ എം സി വൈ എം സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി കർമ്മപദ്ധതി പ്രകാശനം നിർവഹിച്ചു. ജില്ലാ ഡയറക്ടർ ഫാ വർഗീസ് കുന്നത്തേത്, ഫാ ഗീവർഗീസ് ചക്കപ്പൂട്ടിൽ, ഫാ ഡാനിയേൽ തെക്കേടത്ത്,ഫാ ഫ്രാൻസിസ് പ്ലാവറാകുന്നിൽ, എം സി വൈ എം മാവേലിക്കര ഭദ്രാസന ആനിമേറ്റർ സിസ്റ്റർ സജീവാ എസ് ഐ സി, ജില്ല

www.malankaralibrary.com

ആനിമേറ്റർ സിസ്റ്റർ ഇവാനിയ എസ് ഐ സി, ജില്ലാ സെക്രട്ടറി മെൽവിൻ എ തരകൻ എന്നിവർ സന്നിഹിതരായിരുന്നു








## പുത്തൂർ വൈദിക ജില്ല

### കർമ്മപദ്ധതി ഉദ്ഘാടനം






എം സി വൈ എം പുത്തൂർ വൈദിക ജില്ലയുടെ കർമ്മപദ്ധതി 'ARISE 2023' മാറനാട് സെന്റ് മേരിസ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് 2023 ഫെബ്രുവരി 26 ഞായറാഴ്ച എം സി വൈ എം മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകുളംപുറത്ത് പ്രകാശനം ചെയ്തു. പുത്തൂർ ജില്ലാ ഡയറക്ടർ ഫാ.ജോൺ അയണുവേലിൽ, ജില്ലാ പ്രസിഡന്റ് ലിബിൻ ബാബു, ജില്ലാ സമിതി അംഗങ്ങൾ, യുണിറ്റ് ഭാരവാഹികൾ, യുണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

## ചെങ്ങന്നൂർ വൈദിക ജില്ല

### കർമ്മപദ്ധതി ഉദ്ഘാടനവും<br>തീം പഠന ശിബിരവും











എം സി വൈ എം ചെങ്ങന്നൂർ വൈദിക ജില്ലയുടെ 2023 കർമ്മപദ്ധതി ഉദ്ഘാടനവും , തീം പഠന ശിബിരവും , 2022 വർഷത്തെ രചനാ കലാ മത്സരങ്ങളുടെ സമ്മാനദാനവും ഫെബ്രുവരി 12 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് വെൺമണി സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. എം സി വൈ എം ചെങ്ങന്നൂർ വൈദിക ജില്ല ആനിമേറ്റർ ബഹു. സി. നിലീന എസ് .ഐ .സി എം സി വൈ എം പതാക ഉയർത്തി ആരംഭിക്കുകയും , ജില്ലാ സമിതി അംഗം ബഹു. മോബിൻ ബേബി ഇരമത്തൂർ എം സി വൈ എം പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. തുടർന്ന് കർമ്മ പദ്ധതി

www.malankaralibrary.com

കർമ്മ പദ്ധതി ഉദ്ഘാടന മീറ്റിംഗ് പ്രാർത്ഥനാ ഗാനം , ബൈബിൾ വായന എം സി വൈ എം പ്രാർത്ഥന എന്നിവയോട് കൂടി ആരംഭിക്കുകയും ചെയ്തു. തുടർന്ന് സമിതിയുടെ വൈസ് പ്രസിഡൻറ് ആൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ ഉദ്ഘാടനം മീറ്റിങ്ങിന് ജില്ലാ സമിതി അംഗം ഹന്നാ സെറാഫിൻ സ്വാഗതം ആശംസിക്കുകയും , എം സി വൈ എം ചെങ്ങന്നൂർ വൈദിക ജില്ല ഡയറക്ടർ ബഹു. റവ.ഫാ.ജെയിൻ തെങ്ങുവിള ആമുഖ സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് ബഹു.ജില്ലാവികാരി റവ.ഫാ. ഉമ്മൻ പടിപ്പുരക്കൽ കർമ്മ പദ്ധതി ഉദ്ഘാടനം ചെയ്യുകയും , എം സി വൈ എം വെണ്മണി യൂണിറ്റ് ആനിമേറ്റർ ബഹു. സി.അഖില എസ്.ഐ.സി , എം സി വൈ എം വെണ്മണി യൂണിറ്റ് പ്രസിഡൻറ് ജെസ്വിൻ വർക്കി പ്രദിപ് എന്നിവർ മീറ്റിങ്ങിന് ആശംസകൾ അർപ്പിക്കുകയും ചെയ്തു .തുടർന്ന് എം സി വൈ എം തിരുവനന്തപുരം അതിഭദ്രാസന പ്രസിഡൻറ് ബഹു. രഞ്ജിത ആർ ജെ തീം പഠനശിബിരം ക്ലാസ് നയിക്കുകയും ചെയ്തു. ഇതേ തുടർന്ന് 2022 വർഷത്തെ രചനാകലാ മത്സരങ്ങളുടെ സമ്മാനദാനവും നടത്തപ്പെട്ടു. ജില്ലാ സെക്രട്ടറി ആൽവിൻ വർഗീസ് ഏവർക്കും നന്ദി അർപ്പിച്ചു.

## പരീക്ഷ ഒരുക്ക ധ്യാനവും എവർറോളിംഗ് ട്രോഫി വിതരണവും, സിൻഡിക്കേറ്റ് മീറ്റിംഗും



എം സി വൈ എം ചെങ്ങന്നൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ പരീക്ഷ ഒരുക്ക ധ്യാനവും , എവർറോളിംഗ് ട്രോഫി വിതരണവും, സിൻഡിക്കേറ്റ് മീറ്റിംഗും , 2023 ഫെബ്രുവരി 25 ന് ചെറിയനാട് സെന്റ് ജൂഡ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. മാവേലിക്കര ഭദ്രാസനത്തിലെ നവ വൈദികനും , മാവേലിക്കര മൈനർ സെമിനാരിയുടെ വൈസ് റക്ടറും ആയിരിക്കുന്ന ബഹു. റവ.ഫാ.ക്രിസ്റ്റി ചരുവിള പരീക്ഷ ഒരുക്ക ധ്യാനത്തിനും ആരാധനയ്ക്കും നേതൃത്വം നൽകി. ധ്യാനത്തിനുശേഷം 2022 വർഷത്തെ രചനാകലാ മത്സരങ്ങളുടെ എവറോളിംഗ് ട്രോഫി വിതരണവും നടത്തപ്പെട്ടു.അതിനുശേഷം സിൻഡിക്കേറ്റ് മീറ്റിംഗ് ബഹു. ജില്ലാ ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## വിശുദ്ധ കുരിശിന്റെ വഴി



എം സി വൈ എം ചെങ്ങന്നൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ നാൽപ്പതാം വെള്ളിയോടനുബന്ധിച്ച് ഇരമത്തൂർ, ചെന്നിത്തല യൂണിറ്റുകളുടെ സഹകരണത്തോടെ 2023 മാർച്ച് 31 വൈകിട്ട് 5 മണിക്ക് ഇരമത്തൂർ ദേവാലയത്തിൽ നിന്ന് ചെന്നിത്തല ദേവാലയത്തിലേക്ക് വിശുദ്ധ കുരിശിന്റെ വഴി നടത്തപ്പെട്ടു.

www.malankaralibrary.com

